കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുനലൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-എം.എൽ.1618/17

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.

തീയതി.03.10.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ
സെക്രട്ടറി മുഖേന

പുനലൂർ മുനിസിപ്പാലിറ്റി.

സർ,

വിഷയം : പുനലൂർ മുനിസിപ്പാലിറ്റി - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുനലൂർ മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-5 ലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളി ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
(കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.
(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം, (ഉപരി പത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ-1618/2017 തീയതി:11/9/17

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ട ങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.
പഞ്ചായത്ത് 11-09-2016 മുതൽ 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.
ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-08-2017 മുതൽ 14-08-2017 വരെ | |
| ഓഡിറ്റ് നടത്തിയ | ശ്രീ.സജികുമാർ.ജി. | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| ഉദ്യോഗസ്ഥർ | | |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മഞ്ജുളാ സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനീഷ്.വി.എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.എം.എ.രാജഗോപാൽ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.സാം.ജി.ഡേവിഡ്<br>ശ്രീ.എ.എസ്.നൈസാം | 01-04-2016മുതൽ 21-06-2016 വരെ<br>22-06-2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ആർ.ബിജു | 01-04-2016 മുതൽ 31-03-2017 വരെ |
| മുനിസിപ്പൽ ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.പ്രകാശ്.എസ് | 01-08-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി<br>പുനലൂർ | ഡോ.ഷാഹിർഷാ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഹോസ്പിറ്റൽ | ഡോ.ജെ.ഗുരുപ്രസാദ്<br>ഡോ.ബി.അനിൽ | 01-04-2016 മുതൽ 05-08-2016 വരെ<br>05-08-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ.എം.ആർ.മിനി | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി | ഡോ.ഷീജ | 01-04-2016 മുതൽ<br>31-03-2017 വരെ |
| കൃഷി ഓഫീസർ<br>വെറ്ററിനറി സർജൻ | ശ്രീ.ചന്ദ്രശേഖരൻ പിള്ള<br>ഡോ.കെ.എൽ.തോമസ് | 01-04-2016 മുതൽ<br>31-03-2017 വരെ<br>01-04-2016 മുതൽ<br>31-03-2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.രമാദേവി.എൽ<br>ശ്രീമതി.പ്രീത.ഒ.ആർ<br>സൂപ്പർവൈസർ (ഇൻ-ചാർജ്ജ്)<br>ശ്രീമതി.മേരി.എൽ | 01-04-2016 മുതൽ<br>31-05-2016 വരെ<br>01-06-2016 മുതൽ<br>18-07-2016 വരെ<br>18-07-2016 മുതൽ<br>31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-1 |

| | | |
|---|---|---|
| 13 | വിനിയോഗ ഗണം പരിഗണിച്ചതിൽ അപാകത .<br>കെട്ടിട നിർമ്മാണ പെർമിറ്റ്ഫീസ് ഈടാക്കിയതിൽ 958/-<br>രൂപയുടെ കുറവ് | 2-2 |
| 14 | വസ്തുനികുതി നിർണയിച്ചതിൽ 14877/-രൂപയുടെ കുറവ് | 2-3 |
| 15 | ഡി ആന്റ് ഒ ലൈസൻസ് -അപാകതകൾ | 2-4 |
| 16 | കാഷ് ബാലൻസ് പരിശോധനയിൽ കണ്ട അപാകതകൾ | 2-5 |
| 17 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ്<br>സെൻററുകൾ, റസ്റ്റ് ഹൗസ് ബിൽഡിംഗ് എന്നിവിടങ്ങളിലെ<br>വാടക യഥാസമയം പിരിച്ചെടുക്കാതെ ഭീമമായൊരു<br>തുക കുടിശ്ശികയായി | 2-6 |
| 18 | സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല-<br>വരവിനത്തിൽ നഷ്ടം | 2-7 |
| 19 | അൺഎയ്ഡഡ് സ്കൂളുകളുടെ<br>സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നില്ല | 2-8 |
| 20 | തൊഴിൽനികുതി ഒടുക്കിയിട്ടില്ല | 2-9 |
| 21 | അഡ്വക്കേറ്റുമാരും കോൺട്രാക്ടർമാരും തൊഴിൽ<br>നികുതി ഒടുക്കുന്നില്ല | 2-10 |
| | ഭാഗം 3 | |
| 22 | ആശ്രയ പദ്ധതി - ഭക്ഷണ കിറ്റ് വിതരണത്തിൽ ഒതുങ്ങുന്നു. | 3-1 |
| 23 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി-അവലോകനം. | 3-2 |
| 24 | അംഗണവാടികൾ ഭൂരിപക്ഷവും അടിസ്ഥാനസൗകര്യമില്ലാതെ<br>വലയുമ്പോഴും തനതു ഫണ്ടിൽ ബാക്കിയുള്ള കേന്ദ്രവിഹിതം<br>ഉപയോഗിച്ച് അംഗനവാടികൾക്ക് സ്ഥലം ,കെട്ടിടം,<br>മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ<br>വേണ്ട പദ്ധതികൾ നഗരസഭ ആവിഷ്കരിക്കുന്നില്ല. | 3-3 |
| 25 | മരുന്നുകൾ ലഭ്യമാക്കുന്നില്ല. | 3-4 |
| 26 | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം<br>നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-5 |
| 27 | മണിയാർ ചേറ്റുകുഴി കോളനി യിലെ പ ട്ടിക വർഗ്ഗ<br>വിഭാഗത്തി ലെ കുട്ടികളുടെ പഠനനിലവാരം ഉയർത്തൽ<br>(270/ 17) വാങ്ങിയ ഫർണീച്ചർ ഉപയോഗിക്കാതെ<br>സൂക്ഷിച്ചിരി ക്കുന്നു. 1,80,000 /-രൂപാ തടസ്സപ്പെടുത്തുന്നു. | 3-6 |
| 28 | വാർഡ് സഭാ കേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ | 3-7 |

| | | |
|---|---|---|
| | (19 /17),(267 /17) വാങ്ങി യ 428 കസേരകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. കസേരയുടെ വിലയായ 2,11,860 /- രൂപാ തടസ്സപ്പെടുത്തുന്നു. | |
| 29 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (388 /17), സാധുവായ ടെണ്ടർ തെറ്റായ കാരണങ്ങൾ രേഖപ്പെടുത്തി ഒഴിവാക്കി 12,600/- രൂപായുടെ നഷ്ടം | 3-8 |
| 30 | അക്രഡിറ്റഡ് ഏജൻസി (കേരളാ വാട്ടർ അതോറിറ്റി ) നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ 802501 രൂപാ അധികം നല്കിയിരിക്കുന്നു | 3-9 |
| 31 | അക്രഡിറ്റഡ് ഏജൻസി (കേരളാ വാട്ടർ അതോറിറ്റി ) നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കരാർ വച്ചിട്ടില്ല, സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മുഴുവൻ തുകയും മുൻകൂറായി നി ക്ഷേപിച്ചു, 18418000 രൂപാ തടസ്സപ്പെടുത്തുന്നു | 3-10 |
| 32 | സ്വച്ഛഭാരത മിഷൻപ്രകാരം ശൗചാലയ നിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 33 | സ്വച്ഛഭാരത മിഷൻപ്രകാരം ശൗചാലയ നിർമ്മാണം, ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-12 |
| 34 | പൊതുമരാമത്ത് പ്രവൃത്തികളിൽ താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല105615രൂപായുടെ നഷ്ടം | 3-13 |
| 35 | സംയോജിത പാർപ്പിട നിർമ്മാണ-ചേരി വികസന പരിപാടി (IHSDP) കാലാവധി കഴിഞ്ഞ 6949038/- രൂപ തിരികെ അടവാക്കിയിട്ടില്ല. | 3-14 |
| 36 | പി എം എ വൈ -1,06,02,438/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-15 |
| 37 | അധിക നിരക്കിൽ വേതനം അനുവദിച്ചിരിക്കുന്നത് ക്രമീകരിക്കണം | 3-16 |
| 38 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിഹിതം ലഭിക്കുന്നില്ല,നഗരസഭ പെൻഷൻ വിഹിതം ഒടുക്കുന്നുമില്ല. | 3-17 |
| 39 | അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല-നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 3-18 |
| 40 | വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക | 3-19 |

| | | |
|---|---|---|
| | സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻ തുക നഷ്ടപ്പെട്ടു. | |
| 41 | വിനിയോഗ വിശദാംശമില്ല-ചെലവ് തുക 776087/-രൂപ തടസ്സപ്പെടുത്തുന്നു | 3-20 |
| | ഭാഗം 4 | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 01-03-2017തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 21-07-2017 | തിരിച്ചയച്ചില്ല | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 03-08-2017 | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

1) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-2-Earmarked Fund-ൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന 18064670/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-4- Grants &Contributions for specific purpose-ൽ വികസനഫണ്ട്-ജനറൽ, എസ്.സി.പി, റ്റി.എസ്.പി, പതിന്നാലാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം, സംരക്ഷണഗ്രാന്റ്-റോഡ്, റോഡിതരം,ബി-ഫണ്ട് എന്നിവയിൽ നീക്കിബാക്കി ഉൾപ്പെടുത്തിയിരിക്കുന്നു. R&P Schedule-40(b) പ്രകാരം ടി ഇനങ്ങളിൽ നീക്കിബാക്കി ഇല്ല. ടി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റിനങ്ങളുടെ (കേന്ദ്രസർക്കാരിൽ നിന്നുമുള്ള ഗ്രാന്റ്, ഗുണഭോക്തൃ വിഹിതം, പ്രോജക്ടുകൾക്കുള്ള ഗ്രാന്റ്,

പ്രത്യേക ഉദ്ദേശ ഗ്രാന്റ്) ബാധ്യത തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-4- Grants &Contributions for specific purpose-ൽ ഉൾപ്പെടുത്തിയിരിക്കുന്ന UIDSMT ബാധ്യത തുക 1,27,01,883/- രൂപയും ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-17ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 1,31,46,597/-രൂപയുമാണ്. UIDSMT -തുക നിക്ഷേപിച്ചിരിക്കുന്ന കാനറാ ബാങ്ക് അക്കൗണ്ട് നം-1099101053786-ൽ 31-03-17-ലെ നീക്കിബാക്കി തുക 1,38,34,701/-രൂപയാണ്.

4)സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6)2016-17 സാമ്പത്തിക വർഷത്തിലെ ലയബിലിറ്റിയായി ജീവനക്കാരുടെ ശമ്പളം രണ്ട് തവണ B-9 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7)ആസ്തി വിവരങ്ങൾ കാലികമാക്കി ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

8)ബാലൻസ് ഷീറ്റ്-ഷെഡ്യൂൾB-13-ഇൻവെസ്റ്റമെന്റ്സ്-മറ്റ് ഫണ്ടുകൾ-ആസ്തി തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-12-തൻവർഷം കെ.യു.ആർ.ഡി.എഫ്.സി- യിൽ നിന്നും ഡിവിഡന്റ് ലഭിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

10)എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടേയും ഡി.സി.ബി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്, വരവ്, നീക്കിബാക്കി തുകകളുടെ കൃത്യത വ്യക്തമല്ല.

11) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-16 -പ്രീപെയ്ഡ് ചെലവുകൾ-ആസ്തി തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

12) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-17,R&P-40(b) എന്നിവ പ്രകാരമുള്ള നീക്കിബാക്കി തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് പൊരുത്തപ്പെടുത്തൽ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കേ ണ്ടതാണ്.

13)അഡ്വാൻസ് രജിസ്റ്റർപരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-18-ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

14) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-20-യിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

15)R&P-1 Tax Revenue-ൽ Profession tax institutions/professionals/ traders – വരവായി (38 428/-)രൂപ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മറ്റ് വരവുകളിൽ ടി തുക കുറവായി അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നു.

16) R&P-6 Revenue Grants-ഉൾപ്പെട്ടിരിക്കുന്ന Specific Grants തുകയുടെ കൃത്യത വ്യക്തമല്ല.

17)R&P-24 Grants,Contributions for specific grants-പ്രകാരമുള്ള വികസനഫണ്ട് ജനറൽ തുകയും ACR പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

18)കാഷ് വെരിഫിക്കേഷനിൽ നീക്കിബാക്കി കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല (ഖ-2-5 കാണുക)

19)PMAY പദ്ധതി പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് യൂണിയൻ ബാങ്കിൽ നിക്ഷേപിച്ച 1,06,02,438/-രൂപ വാർഷിക കണക്കിലെ നീക്കി ബാക്കിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

20)IHSDP പദ്ധതി അക്കൗണ്ടിൽ നിന്നും 27-03-2017 ൽ പിൻവലിച്ച 10,000/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

21)02-04-2016-ൽ 5995 നമ്പർ അക്കൗണ്ടിൽ നിന്നും TPA 178 നമ്പർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത 2,19,963/-രൂപ TPA 178 ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു

22)01-07-2016-ൽ TPA 178 അക്കൗണ്ടിൽ 2,18,324/-രൂപ അക്കൗണ്ട് നം-5995-ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന് ശേഷം വിതരണത്തിനായി പിൻവലിച്ചിരുന്നു. എന്നാൽ TPA 178-ബാങ്ക് ബുക്കിൽ 2,18,324/-രൂപ രണ്ട് തവണ തെറ്റായി ഡെബിറ്റ് എൻട്രി രേഖപ്പെടുത്തിയിരിക്കുന്നു.

23)29-11-2016 ലെ 814864-നമ്പർ ചെക്ക് പ്രകാരം 30 ലക്ഷം രൂപ കാനറാ ബാങ്ക് അക്കൗണ്ട് നമ്പർ 5995-ൽ നിന്നും പിൻവലിച്ച് TPA 123 അക്കൗണ്ടിൽ നിക്ഷേപിച്ചു.എന്നാൽ TPA 123 ബാങ്ക് ബുക്കിൽ 04-10-16, 21-11-16 എന്നീ തീയതികളിൽ രണ്ട് തവണ 30,00,000/-രൂപ വരവ് വന്നതായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

24)01-04-2016-ലെ ചെക്ക് നം-817398 പ്രകാരം അക്കൗണ്ട് നമ്പർ 5995-ൽ നിന്നും പിൻവലിച്ച 29,57,125/- രൂപയിൽ 6,50,000/-രൂപ TPA 179 അക്കൗണ്ടിൽ പണമായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ TPA 179 ബാങ്ക് ബുക്കിൽ 6,50,000/-രൂപ 01-04-2016-ൽ ക്യാഷ് വരവായും 02-04-2016-ൽ ട്രാൻസ്ഫർ ക്രഡിറ്റ് ആയും രണ്ട് തവണ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

25) Schedule B-5- പ്രകാരം ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന 23,034,186/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51706656 |
| വരവ് | 181275581 |
| ആകെ | 232982237 |
| ചെലവ് | 157298985 |

| | |
|---|---|
| നീക്കിബാക്കി | 75683252 |

ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യപത്രിക പ്രകാരമാണ് സാമ്പത്തിക നില തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നഗരസഭയിലെ ദൈനംദിന വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ് എൻട്രികളിൽ ഗുരുതരമായ അപാകതകൾ വന്നിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ഖണ്ഡിക 1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33606227 | 33606227 | 33606227 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2125171 | 2125171 | 2125171 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 422338 | 422338 | 422338 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12092793 | 12092793 | 12092793 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9187183 | 9187183 | 9187183 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 41028730 | 41028730 | 41028730 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2201261 | 2201261 | 2201261 | 0 | 100 |
| ബി ഫണ്ട് | 0 | 1093080 | 1093080 | 1093080 | 0 | 100 |

ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യപത്രിക പ്രകാരമാണ് ഫണ്ട് വിനിയോഗം തയ്യാറാക്കിയിരിക്കുന്നത് .എന്നാൽ നഗരസഭയിലെ ദൈനംദിന വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ് എൻട്രികളിൽ ഗുരുതരമായ അപാകതകൾ

വന്നിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ഖണ്ഡിക 1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | യത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 342210498 | 126 | 104001537 | 10 | 171 | 42 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18030224 | 20667292 | 2637068 | 14.6 |
| നികുതിയേതര വരവുകൾ | 13115946 | 13989591 | 873645 | 7 |
| മറ്റുവരവുകൾ | 17315340 | 15478322 | -1837018 | -10 |
| ആകെ | 48461510 | 50135205 | 1673695 | 3 |

ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യപത്രിക പ്രകാരമാണ് ഫണ്ട് വിനിയോഗം തയ്യാറാക്കിയിരിക്കുന്നത്.എന്നാൽ നഗരസഭയിലെ ദൈനം ദിന വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ് എൻട്രികളിൽ ഗുരുതരമായ അപാകതകൾ വന്നിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു.ഡിമാന്റ് രജിസ്റ്ററുകളിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്ത തിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ നികുതി വരവുകൾ നെഗറ്റീവ് ബാലൻസാണ് കാണിച്ചിരിക്കുന്നത്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,23,080/- | 311 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 5,70,000/- | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2017 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നഗരസഭയുടെ ക്യാഷ് ബുക്കിന്റെ പരിപാലനം ക്രമപ്രകാരമല്ലാത്തതിനാൽ നീക്കിബാക്കിയിൽ 70,24,099/-രൂപയുടെ കുറവുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ഖണ്ഡിക 2-5 ആയി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

1) നഗരസഭയുടെ തനത് വരുമാനം വർദ്ധപ്പിക്കുന്നതിനുള്ള യാതൊരു നടപടികളും കൈകൊണ്ടിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വൻകുടിശ്ശിക വരുത്തിയിരിക്കുന്നു. കെട്ടിട നികുതി, വാടക, തൊഴിൽനികുതി എന്നീ വരവിനങ്ങളിലാണ് കുടിശ്ശിക വരുത്തിയിരിക്കുന്നത്. വിവിധ നികുതി-നികുതിയേതര രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2)നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് മോണിട്ടറിംഗ് ഇല്ലാത്ത തിനാൽ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കു വാനും തുടർപ്രവർത്തനങ്ങൾ നടത്താനും സാധിച്ചിട്ടില്ല.

3)പിരിച്ചെടുക്കുന്ന സർവ്വീസ് നികുതി യഥാസമയം ഒടുക്കുവരുത്തിയിട്ടില്ലാത്ത തിനാൽ വൻതുകയാണ് പിഴയിനത്തിൽ ഒടുക്കേണ്ടി വരുന്നത്. വിവിധ പദ്ധതികൾക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്ത വായ്പകൾ യഥാസമയം ഒടുക്കുന്നതിനുള്ള

ഫണ്ട് കണ്ടെത്തുന്നില്ല.

4)പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലും നഗരസഭക്ക് വൻ ബാധ്യത യാണ് വന്നിരിക്കുന്നത്. മുൻവർഷങ്ങളിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ട്, വികസനഫണ്ട്, സംരക്ഷണഗ്രാന്റ് – റോഡിതരം എന്നിവയിൽ നിന്നും നേരിട്ട് വാട്ടർ അതോറിട്ടിയിൽ ഒടുക്ക് വരുത്തിയ തുകകൾ ഉൾപ്പെടുത്താതെയാണ് വാട്ടർ അതോറിട്ടിയിൽ നിന്നും കുടിശ്ശിക ഡിമാന്റ് ചെയ്തിരിക്കുന്നത്. ടി വിഷയത്തിൽ അടിയന്തിരനടപടികൾ സ്വീകരിച്ചില്ലെങ്കിൽ കുടിശ്ശികയിനത്തിൽ വൻതുകയാണ് നഗരസഭയ്ക്ക് നഷ്ടമുണ്ടാകുക.

5)തനത് ഫണ്ട് വൗച്ചറുകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

6) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ലഭിക്കുന്നതിന്റേയും കൃത്യമായ കണക്കുകൾ ലഭ്യമല്ല. നഗരസഭയുടെ തനത്ഫണ്ടിൽ മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പേസിറ്റുകളുടെ വിവരം വേർതിരിക്കാനും സാധിക്കുന്നില്ല.

7)നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് സൂക്ഷിച്ചിരിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-10-2013 | 2012-13 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-04-2017 | 2015-16,2016-17 | 19-06-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില നഗരസഭയിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പുനലൂർ നഗരസഭയിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്യതിന്റെ വിശദവിവരങ്ങൾ

ആവശ്യപ്പെട്ടുകൊണ്ട് 05-08-2017 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 06) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫോറവില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ തുകയും പുനലൂർ നഗരസഭയിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

## 2-2 കെട്ടിടത്തിന്റെ തരം പരിഗണിച്ചതിൽ അപാകത - കെട്ടിട നിർമ്മാണ പെർമിറ്റ്ഫീസ് ഈടാക്കിയതിൽ 958/- രൂപയുടെ കുറവ്

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 30 ഉപചട്ടം 3 (ബി) പ്രകാരം ഡോർമിറ്ററികൾ A2 ഗണത്തിൽപ്പെടുന്നു . ആയതിന്റെ പെർമിറ്റ് ഫീസ് നിരക്ക്ച.മീറ്ററിന് 10 രൂപയാണ്. എന്നാൽ ഡോർമിറ്ററി കെട്ടിടത്തെ A1 ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് നൽകിയത് മൂലം ച.മീറ്ററിന് 7 രൂപ നിരക്കിലാണ് പെർമിറ്റ് ഫീ കണക്കാക്കിയിരിക്കുന്നത്. ഇതു മൂലം 958/- രൂപയുടെ വരവ് നഷ്ടം വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പേര് | പെർമിറ്റ് നമ്പർ<br>തീയതി | രസീത് നമ്പർ<br>തീയതി | ഈടാക്കിയ പെർമിറ്റ് ഫീസ്@7 | ഈടാക്കേണ്ട പെർമിറ്റ് ഫീസ്@10 | കുറവ് |
|---|---|---|---|---|---|
| വർഗ്ഗീസ് എബ്രഹാം<br>ബോയ്സ് ഹോം പുനലൂരിന് വേണ്ടിയുള്ള ഡോർമിറ്ററി<br>തറ വിസ്തീർണം 319.54 ച.മീ | E2/62/16-17<br>18/11/2016 | 11601112953<br>18/11/2016 | 2237 | 3195 | 958 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 958 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14-08-2017) മറുപടി ലഭ്യമാക്കിയില്ല . ഈ സാഹചര്യ ത്തിൽ നഷ്ട തുകയായ 958/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 958/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി നിർണയിച്ചതിൽ 14877/-രൂപയുടെ കുറവ്

2016-17 സാമ്പത്തിക വർഷം പുനലൂർ മുനിസിപ്പാലിറ്റി നടത്തിയ വസ്തുനികുതി നിർണയങ്ങളിൽ അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചതിലൂടെ 14877/- രൂപയുടടെ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ദ്വിതീയ , മേഖലയ്ക്ക് അനുവദനീയമായ ഇളവ് അനുവദിച്ചു, വഴിസൗകര്യത്തിനാനുപാധികമായ വർദ്ധനവ് വരുത്തിയില്ല

പുനലൂർ മുനിസിപ്പൽ കൗൺസിലിന്റെ 24/01/2012 ലെ 1 -ാം നമ്പർ തീരുമാനം പ്രകാരം മുനിസിപ്പാലിറ്റിയിൽ തത്സമയം നിലനിന്നിരുന്ന 35 വാർഡുകളിൽ 7, 8,9, 10, 13, 16, 28, 29, 31, 33, 34 വാർഡുകൾ പൂർണമായും, പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ മുനിസിപ്പാലിറ്റിയിൽ മേൽ വിജ്ഞാപനം വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന 28 വാർഡുകളെ അടിസ്ഥാനപ്പെടുത്തിയാണ് അസസ്മെന്റ് രജിസ്റ്റർ പരിപാലിക്കുന്നത് തൻമൂലം മേൽ തീരുമാനത്തിൽ പ്രതിപാദിക്കുന്ന പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ മുമ്പ് നിലവിലുണ്ടായിരുന്ന 28 വാർഡുകളിൽ ഉൾപ്പെടുത്തി പഴയ നമ്പർ നൽകുന്നത് മൂലം ദ്വിതീയ, മേഖലയ്ക്ക് അനുവദനീയമായ ഇളവ് നൽകിയിട്ടുണ്ട്.

5 മീറ്ററിലധികം വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനമാർഗമുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 , പട്ടിക 2, ക്രമ നമ്പർ 4 ൽ അനുശാസിക്കുന്ന 20% നികുതി വർദ്ധന വരുത്തേണ്ടതാണ് . ചട്ടം 6 പട്ടിക 2 കുറിപ്പ് (1) പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടുതരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്നു മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്ന സംഗതിയിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാ ക്കേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (2) പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമായിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. മേൽ വ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന വരുത്തിയിട്ടില്ല.

മേൽത്തരം തടി , ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ട് 250 ച.മീ.അധികം തറ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 , പട്ടിക 6 പ്രകാരം 15% നികുതി വർദ്ധന വരുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പരും മറ്റ് വിശദാംശങ്ങളും | വഴി സൗകര്യത്തിന്റെ വിശദാംശം (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണയിച്ച രീതി | വസ്തു നികുതി നിർണയിക്കേണ്ട രീതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1/79B<br>തുഷാര<br>തുഷാര ഭവൻ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>134ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള അരാംപുന്ന-അലിയാട്ട് കുന്ന് റോഡ് | അടിസ്ഥാന<br>നികുതി = 1340<br>ദ്വിതീയ<br>മേഖല = (-)134<br>വഴി സൗകര്യം=0<br>---------<br>1206<br>ലൈ.സെസ് = 60<br>---------<br>ആകെ = 1266 | അടിസ്ഥാന<br>നികുതി = 1340<br>ദ്വിതീയ<br>മേഖല = (-)134<br>വഴി<br>സൗകര്യം=268<br>---------<br>1474<br>ലൈ.സെസ് = 74<br>---------<br>ആകെ = 1548 | 282 |
| 2 | I/346 A<br>വാസു പി<br>മംഗലത്ത് കിഴക്കതിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>7.5 മീറ്റർ വീതിയുള്ള മുനിസിപ്പൽ റോഡ് | അടിസ്ഥാന<br>നികുതി = 1660.8<br>ദ്വിതീയ<br>മേഖല = (-)166.08 | അടിസ്ഥാന<br>നികുതി = 1661<br>ദ്വിതീയ<br>മേഖല = (-)166.1<br>വഴി<br>സൗകര്യം=332.2 | 349 |

| | | | | | |
|---|---|---|---|---|---|
| | 166.08ച.മീ<br>10/- രൂപ നിരക്ക് | | വഴി<br>സൗകര്യം=<br>---------<br>1495<br>ലൈ.സെസ്<br>= 75<br>---------<br>ആകെ =<br>1570 | ---------<br>1828<br>ലൈ.സെസ് = 91<br>---------<br>ആകെ = 1919 | |
| 3 | IX/42B<br>യൂസഫ് കുഞ്ഞ്<br>വ്യവസായ<br>ആവശ്യത്തിനുള്ള<br>ഷെഡ്<br>വിസ്തീർണം<br>228.8ച.മീ<br>60/- രൂപ<br>നിരക്ക് | പെർമിറ്റ് ഫയൽ<br>നം E1/102/16-17<br>പ്രകാരം<br>പ്ളോട്ടിന്<br>മുമ്പിലും<br>വശത്തുമായി 2<br>റോഡുകളുണ്ട്<br>ആയതിൽ<br>മാർക്കറ്റ്-<br>മരുതമൺ<br>മൂർത്തിക്കാവ്<br>റോഡിന് 8.00<br>മീറ്റർ വീതിയുണ്ട് | അടിസ്ഥാന<br>നികുതി =<br>13728<br>മേൽക്കൂര =<br>(-)1372<br>വഴി<br>സൗകര്യം=<br>---------<br>12355<br>ലൈ.സെസ്<br>= 618<br>---------<br>ആകെ =<br>12973 | അടിസ്ഥാന<br>നികുതി = 13728<br>മേൽക്കൂര =<br>(-)1372<br>വഴി<br>സൗകര്യം=2746<br>---------<br>15102<br>ലൈ.സെസ് =<br>755<br>---------<br>ആകെ = 15857 | 2884 |
| 4 | X111/655C<br>അലക്സ് വി<br>ജോർജ്ജ്<br>കളത്തിങ്കൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>243.6ച.മീ<br>10/- രൂപ നിരക്ക് | 1.കംപ്ലീഷൻ പ്ലാൻ<br>പ്രകാരം<br>6.00 മീറ്റർ<br>വീതിയുള്ള റോഡ്<br>2.നിലവിൽ പ്രഥമ<br>മേഖലയിൽ പെട്ട<br>ഹൈസ്കൂൾ<br>വാർഡിൽ<br>സ്ഥിതി ചെയ്യുന്ന | അടിസ്ഥാന<br>നികുതി =<br>2436<br>ദ്വിതീയ<br>മേഖല =<br>(-)244<br>വഴി<br>സൗകര്യം=<br>--------- | അടിസ്ഥാന<br>നികുതി = 2436<br>പ്രഥമ<br>മേഖല = 0<br>വഴി<br>സൗകര്യം=487<br>---------<br>2923<br>ലൈ.സെസ് = | 767 |

| | | | | | |
|---|---|---|---|---|---|
| | | | 2192<br>ലൈ.സെസ് = 110<br>---------<br>ആകെ = 2302 | 146<br>---------<br>ആകെ = 3069 | |
| 5 | IV/123B<br>സൈനുലാബ്ദ്ദീൻ<br>മോപ്പിനാസ് മൻസിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>139.36ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള റോഡ് | അടിസ്ഥാന<br>നികുതി = 1394<br>ദ്വിതീയ<br>മേഖല = (-)139.4<br>വഴി<br>സൗകര്യം=<br>---------<br>1255<br>ലൈ.സെസ് = 63<br>---------<br>ആകെ = 1318 | അടിസ്ഥാന<br>നികുതി = 1394<br>ദ്വിതീയ<br>മേഖല = (-)139.4<br>വഴി<br>സൗകര്യം=278.8<br>---------<br>1534<br>ലൈ.സെസ് = 77<br>---------<br>ആകെ = 1611 | 293 |
| 6 | XII/104D<br>ജയൻ<br>വരുൺ നിവാസ്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>170.93ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള കോമളം കുന്ന്-എം. എൽ .എ .റോഡ് | അടിസ്ഥാന<br>നികുതി = 1709<br>ദ്വിതീയ<br>മേഖല = (-)171<br>വഴി<br>സൗകര്യം=<br>---------<br>1538<br>ലൈ.സെസ് | അടിസ്ഥാന<br>നികുതി = 1710<br>ദ്വിതീയ<br>മേഖല = (-)171<br>വഴി<br>സൗകര്യം=342<br>---------<br>1881<br>ലൈ.സെസ് = 94<br>--------- | 359 |

| | | | | | |
|---|---|---|---|---|---|
| | | | = 77<br>---------<br>ആകെ = 1615 | ആകെ = 1974 | |
| 7 | XIV/44C<br>റോബി ജി ചാക്കോ<br>ദേവീകോണം<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>273.07ച.മീ<br>10/- രൂപ നിരക്ക് | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം<br>7.30 മീറ്റർ വീതിയുള്ള കുതിരച്ചിറ-തൊളിക്കോട് റോഡ്<br>2.വസ്തു നികുതി റിട്ടേൺ പ്രകാരം തറ ഗ്രാനൈറ്റിനാൽ നിർമ്മിച്ചിരിക്കുന്നു | അടിസ്ഥാന നികുതി = 2731<br>ദ്വിതീയ<br>മേഖല = (-)273.1<br>വഴി സൗകര്യം=<br>---------<br>2458<br>ലൈ.സെസ് = 123<br>---------<br>ആകെ = 2581 | അടിസ്ഥാന<br>നികുതി = 2731<br>ദ്വിതീയ<br>മേഖല = (-)273.1<br>വഴി<br>സൗകര്യം=546.2<br>തറ =409.65<br>---------<br>3414<br>ലൈ.സെസ് = 171<br>---------<br>ആകെ = 3585 | 1004 |
| 8 | XI/193E<br>(XXXI/350A പുതിയ വാർഡ്)<br>മധുകുമാർ<br>ജാനകി മന്ദിർ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>154.55ച.മീ<br>10/- രൂപ നിരക്ക് | നിലവിൽ പ്രഥമ മേഖലയിൽ പെട്ട കോളേജ് വാർഡിൽ സ്ഥിതി ചെയ്യുന്ന | അടിസ്ഥാന<br>നികുതി = 1546<br>ദ്വിതീയ<br>മേഖല = (-)155<br>വഴി സൗകര്യം=<br>---------<br>1391<br>ലൈ.സെസ് = 70<br>--------- | അടിസ്ഥാന<br>നികുതി = 1546<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം =0<br>---------<br>1546<br>ലൈ.സെസ് = 77<br>---------<br>ആകെ = 1623 | 162 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ = 1461 | | |
| 9 | VIII/252B<br>വിൽസൺ ഫ്രാൻസിസ്<br>പുത്തൻ വീട്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>72.64ച.മീ<br>10/- രൂപ നിരക്ക് | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിന്<br>7.50 മീറ്റർ വീതിയുള്ള പേപ്പർ മിൽ റോഡും വീതി രേഖപ്പെടുത്താത്ത മുസാവരിക്കുന്ന് റോഡും അതിരിടുന്നു<br>2.നിലവിൽ പ്രഥമ മേഖലയിൽ പെട്ട നേതാജി വാർഡിൽ സ്ഥിതി ചെയ്യുന്നു | അടിസ്ഥാന<br>നികുതി = 727<br>ദ്വിതീയ<br>മേഖല = (-)73<br>വഴി<br>സൗകര്യം=<br>---------<br>654<br>ലൈ.സെസ് = 33<br>---------<br>ആകെ = 687 | അടിസ്ഥാന<br>നികുതി = 727<br>പ്രഥമ<br>മേഖല = 0<br>വഴി<br>സൗകര്യം=145.4<br>---------<br>873<br>ലൈ.സെസ് = 44<br>---------<br>ആകെ = 917 | 230 |
| 10 | VII/175 G<br>(VIII/202B പുതിയ വാർഡ്)<br>ബിനു ബി<br>പുത്തൻ വീട്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>97.31ച.മീ 10/- രൂപ നിരക്ക് | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം<br>3.6 മീറ്റർ വീതിയുള്ള റോഡ്<br>2.നിലവിൽ പ്രഥമ മേഖലയിൽ പെട്ട നേതാജി വാർഡിൽ സ്ഥിതി ചെയ്യുന്നു | അടിസ്ഥാന<br>നികുതി = 973<br>ദ്വിതീയ<br>മേഖല = (-)97.3<br>വഴി<br>സൗകര്യം= (-)97.3<br>---------<br>779<br>ലൈ.സെസ് = 39<br>---------<br>ആകെ = 818 | അടിസ്ഥാന<br>നികുതി = 974<br>പ്രഥമ<br>മേഖല = 0<br>വഴി<br>സൗകര്യം=0<br>---------<br>974<br>ലൈ.സെസ് = 49<br>---------<br>ആകെ = 1023 | 205 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 11 | VII/309C<br>ബുഷ്റ<br>സലിം മൻസിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>234ച.മീ 10/-<br>രൂപ നിരക്ക് | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിന്<br>3.6 മീറ്റർ വീതിയുള്ള കുന്നംകുഴി -ശാസ്താംകോണം റോഡും 1.5 മീറ്റർ വീതിയുള്ള നടപ്പാതയും അതിരിടുന്നു | അടിസ്ഥാന<br>നികുതി = 2340<br>പ്രഥമ<br>മേഖല = 0<br>വഴി<br>സൗകര്യം= (-)234<br>---------<br>2106<br>ലൈ.സെസ് = 106<br>---------<br>ആകെ = 2211 | അടിസ്ഥാന<br>നികുതി = 2340<br>പ്രഥമ<br>മേഖല = 0<br>വഴി<br>സൗകര്യം=0<br>---------<br>2340<br>ലൈ.സെസ് = 117<br>---------<br>ആകെ = 2457 | 246 |
| 12 | XXXV/286A<br>വർഗ്ഗീസ് & ലീലാമ്മ<br>ഷീബാ വിലാസം<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>155.77ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>5.50 മീറ്റർ വീതിയുള്ള പൈനാപ്പിൾ – പത്തേക്കർ റോഡ് | അടിസ്ഥാന<br>നികുതി = 1558<br>ദ്വിതീയ<br>മേഖല = (-)156<br>വഴി<br>സൗകര്യം=<br>---------<br>1402<br>ലൈ.സെസ് = 70<br>---------<br>ആകെ = 1472 | അടിസ്ഥാന<br>നികുതി = 1558<br>ദ്വിതീയ<br>മേഖല = (-)155.8<br>വഴി<br>സൗകര്യം=311.6<br>---------<br>1714<br>ലൈ.സെസ് = 86<br>---------<br>ആകെ = 1800 | 328 |

| | | | | | |
|---|---|---|---|---|---|
| 15 | | | | | |
| 13 | VI/200E<br>(VII/200E പുതിയ വാർഡ്)<br>കുഞ്ഞുമോൾ ബാബു<br>മൈലവിള വീട്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>164ച.മീ<br>10/- രൂപ നിരക്ക് | 1.നിലവിൽ പ്രഥമ മേഖലയിൽ പെട്ട മുസാവരിക്കുന്ന് വാർഡിൽ സ്ഥിതി ചെയ്യുന്ന 2.കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിന്<br>6.00 മീറ്റർ വീതിയുള്ള മുസാവരി റോഡും 3.5 മീറ്റർ വീതിയുള്ള സ്വകാര്യ വഴിയും അതിരിടുന്ന | അടിസ്ഥാന<br>നികുതി = 1640<br>ദ്വിതീയ<br>മേഖല = (-)164<br>വഴി സൗകര്യം=<br>---------<br>1476<br>ലൈ.സെസ് = 74<br>---------<br>ആകെ = 1550 | അടിസ്ഥാന<br>നികുതി = 1640<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=328<br>---------<br>1968<br>ലൈ.സെസ് = 98<br>---------<br>ആകെ = 2066 | 516 |
| 14 | XIII/520C<br>നന്ദകുമാർ<br>മാനേജിംഗ് ഡയറക്ടർ<br>സഹ്യാദ്രി റബ്ബേഴ്സ്<br>വാണിജ്യാവശ്യം<br>വിസ്തീർണം<br>107.94ച.മീ<br>80/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള റോഡ് | അടിസ്ഥാന<br>നികുതി = 8635<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=0<br>---------<br>8635<br>ലൈ.സെസ് = 432<br>---------<br>ആകെ = 9067 | അടിസ്ഥാന<br>നികുതി = 8636<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം= 1727.2<br>---------<br>10364<br>ലൈ.സെസ് = 518<br>---------<br>ആകെ = 10882 | 1815 |
| 15 | XIII/520D | കംപ്ലീഷൻ പ്ലാൻ | അടിസ്ഥാന | അടിസ്ഥാന | 664 |

| | | | | | |
|---|---|---|---|---|---|
| | നന്ദകുമാർ<br>മാനേജിംഗ് ഡയറക്ടർ<br>സഹ്യാദ്രി റബ്ബേഴ്സ്<br>വാണിജ്യാവശ്യം<br>വിസ്തീർണം<br>39.47ച.മീ<br>80/- രൂപ നിരക്ക് | പ്രകാരം<br>6.00 മീറ്റർ വീതിയുള്ള റോഡ് | നികുതി = 3158<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=0<br>---------<br>3158<br>ലൈ.സെസ് = 158<br>---------<br>ആകെ = 3316 | നികുതി = 3158<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=632<br>---------<br>3790<br>ലൈ.സെസ് = 190<br>---------<br>ആകെ = 3980 | |
| 16 | XIII/520E<br>നന്ദകുമാർ<br>മാനേജിംഗ് ഡയറക്ടർ<br>സഹ്യാദ്രി റബ്ബേഴ്സ്<br>വാണിജ്യാവശ്യം<br>വിസ്തീർണം<br>164.52ച.മീ<br>80/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള റോഡ് | അടിസ്ഥാന നികുതി = 9871<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=0<br>---------<br>9871<br>ഒന്നാം നില = 9377<br>ലൈ.സെസ് = 469<br>---------<br>ആകെ = 9846 | അടിസ്ഥാന നികുതി = 9871<br>പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=1974<br>---------<br>11845<br>ഒന്നാം നില = 11253<br>ലൈ.സെസ് = 563<br>---------<br>ആകെ = 11816 | 1970 |
| 17 | XIII/520E<br>നന്ദകുമാർ<br>മാനേജിംഗ് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ | അടിസ്ഥാന<br>നികുതി = 9871 | അടിസ്ഥാന<br>നികുതി = 9871<br>പ്രഥമ | 1866 |

| | | | | | | |
|---|---|---|---|---|---|---|
| | ഡയറക്ടർ<br>സഹ്യാദ്രി റബ്ബേഴ്സ്<br>വാണിജ്യാവശ്യം<br>വിസ്തീർണം<br>164.52ച.മീ<br>80/- രൂപ നിരക്ക് | വീതിയുള്ള റോഡ് | പ്രഥമ<br>മേഖല = 0<br>വഴി സൗകര്യം=0<br>---------<br>9871<br>ഒന്നാം നില = 8884<br>ലൈ.സെസ് = 444<br>---------<br>ആകെ = 9328 | മേഖല = 0<br>വഴി സൗകര്യം=1974<br>---------<br>11845<br>ഒന്നാം നില = 10661<br>ലൈ.സെസ് = 533<br>---------<br>ആകെ = 11194 | | |
| 17 | II/342B<br>ആനന്ദ് & തമ്പി<br>വിജയഭവൻ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>96.3ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>7.50 മീറ്റർ വീതിയുള്ള മനന്താരമുക്ക് റോഡ് | അടിസ്ഥാന നികുതി = 963<br>ദ്വിതീയ<br>മേഖല = (-)96<br>വഴി സൗകര്യം=<br>---------<br>867<br>ലൈ.സെസ് = 33<br>---------<br>ആകെ = 900 | അടിസ്ഥാന നികുതി = 963<br>ദ്വിതീയ<br>മേഖല = (-)96.3<br>വഴി സൗകര്യം=192.6<br>---------<br>1060<br>ലൈ.സെസ് = 53<br>---------<br>ആകെ = 1113 | 213 | |
| 18 | XIV/41A<br>ജോയി & പൊന്നമ്മ<br>പുളിമൂട്ടിൽ വീട് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള | അടിസ്ഥാന നികുതി = 1830<br>പ്രഥമ | അടിസ്ഥാന നികുതി = 1830<br>പ്രഥമ | 384 | |

| | | | | | |
|---|---|---|---|---|---|
| | പാർപ്പിടാവശ്യം<br>വിസ്തീർണം<br>182.91ച.മീ<br>10/- രൂപ നിരക്ക് | തൊളിക്കോട്-കൊച്ചുവട്ടം റോഡ് | മേഖല = 0<br>വഴി സൗകര്യം=<br>---------<br>1830<br>ലൈ.സെസ് = 93<br>---------<br>ആകെ = 1922 | മേഖല = 0<br>വഴി സൗകര്യം=366<br>---------<br>2196<br>ലൈ.സെസ് = 110<br>---------<br>ആകെ = 2306 | |
| 19 | XVIII/291D<br>ടിജു തോമസ്<br>മുണ്ടത്ത് ചുമ്ടയിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>161.76ച.മീ<br>10/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാൻ പ്രകാരം<br>6.00 മീറ്റർ വീതിയുള്ള റോഡ് | അടിസ്ഥാന നികുതി = 1618<br>ദ്വിതീയ മേഖല = (-)162<br>വഴി സൗകര്യം=<br>---------<br>1456<br>ലൈ.സെസ് = 73<br>---------<br>ആകെ = 1529 | അടിസ്ഥാന നികുതി = 1618<br>ദ്വിതീയ മേഖല = (-)161.8<br>വഴി സൗകര്യം=323.6<br>---------<br>1780<br>ലൈ.സെസ് = 89<br>---------<br>ആകെ = 1869 | 340 |
| | ആകെ | | | | 14877 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/14-08-2017) മറുപടി ലഭ്യമാക്കിയില്ല . ഈ സാഹചര്യ ത്തിൽ വസ്തുനികുതി പുനർ നിർണയിച്ച് നഷ്ടതുകയായ 14,877/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) അപേക്ഷയിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും ഇല്ല.

2) ഹെൽത്ത് സൂപ്പർവൈസറുടെ റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും ഇല്ല.

4) നികുതിഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയതായി കാണുന്നില്ല

3) മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം , അഗ്നിസുരക്ഷ സർട്ടിഫിക്കറ്റ്, എന്നിവ ആവശ്യമുള്ള വർക്ക്ഷോപ്പുകൾ, എഗ്ഗർ നഴ്സറി , പെട്രോൾ പമ്പ്, തുടങ്ങിയ സ്ഥാപനങ്ങൾക്ക്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ ലൈസൻസ് നൽകിയിരിക്കുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.03.2005 ലെ സർക്കുലർ PCB/GEN/C/1/2005 പ്രകാരം ഓറഞ്ച് കാറ്റഗറിയിൽ ഉൾപ്പെടുന്ന എഗ്ഗർ നഴ്സറി (Chicken stalls without slaughtering) പെട്രോൾ ബങ്ക്, തടിമിൽ, Flour mills എന്നിവ. ഇവയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്. ടി സാക്ഷ്യപത്രം ഇല്ലാതെ പ്രവർത്തിക്കുന്ന ഏതാനും , സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. സർക്കുലർ കരട് റിപ്പോർട്ടിൽ ചേർക്കുന്നു.

| വാർഡ് | പേര് | സ്ഥാപനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| III | രമാദേവി | എഗ്ഗർ നഴ്സറി | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം , നികുതിഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ |
| III | ലൈലാചന്ദ്രൻ | എഞ്ചിനിയറിംഗ് വർക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം |
| III | അനിൽകുമാർ | ടൂവീലർ വർക്സ് ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം |
| VII | മോഹൻ.എം | എഞ്ചിനിയറിംഗ് വർക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം |
| III | സിജു.എം.ഉമ്മൻ | ടയർ വർക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം , നികുതിഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ |
| XIII | ജെ.ജോൺ | പെട്രോൾപമ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം , നികുതിഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ , അഗ്നിസുരക്ഷ സർട്ടിഫിക്കറ്റ് |
| X | കുരുവിള എബ്രഹാം | പെട്രോൾപമ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം , നികുതിഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ ,അഗ്നിസുരക്ഷ സർട്ടിഫിക്കറ്റ് |

4) കാലാവധി കഴിഞ്ഞ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം | അപേക്ഷയുടെന്യൂനത |
|---|---|---|---|
| | സച്ചിദാനന്ദൻ | തടിമിൽ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 31.12.16 |

| | | | |
|---|---|---|---|
| | തുളസീധരൻ | ഫ്ലവർമിൽ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 31.12.16 |
| | ജെ.സുധീർ | ഫ്ലവർമിൽ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 30.06.16 |
| | ആർ.നോർബെർട്ട് | എഞ്ചിനിയറിംഗ് വർക്ക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 31.12.15 |
| | വി.ശശികുമാർ | തടി വർക്ക്ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 30.06.16 |

5)ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ ഹാജരാക്കിയില്ല

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് ഫീസ് ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന പല സ്ഥാപനങ്ങളുടെയും അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | പേര് | സ്ഥാപനം |
|---|---|---|
| I | കുഞ്ഞുമോൻ | പലചരക്ക് വ്യാപാരം |
| I | ഷംനാദ് | ഫർണീച്ചറ് വ്യാപാരം |
| I | ശ്രീവർദ്ധനൻ | ചപ്പാത്തി വ്യാപാരം |
| I | റജീന സലീം | തടി,സ്റ്റീൽ,പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വ്യാപാരം |
| I | വിശ്വനാഥൻ നായർ | കേബിൾനെറ്റ് വർക്ക് |
| I | മുരളീധരൻ നായർ | പലചരക്ക് വ്യാപാരം |
| III | അബ്രഹാം ജോൺ | മെഡിക്കൽ സ്റ്റോർ |
| III | ഷെമീർ | സ്റ്റേഷനറി വ്യാപാരം |
| III | റിയാസ്.എച്ച് | ബേക്കറി |
| III | ജോർജ്.എൽ | സ്റ്റീൽ ഫേബ്രിക്കേഷൻ |
| III | ഷീബാകുമാരി | ഹാർഡ് വെയർ |
| III | സാബുജോർജ് കുട്ടി | ടൂവീലർ സെയിൽ |
| III | ഫിറോഷ് ജലാലുദ്ദീൻ | സ്റ്റേഷനറി |
| VII | രാജേഷ്.എസ്സ് | പലചരക്ക് വ്യാപാരം |

6) മുനിസിപ്പാലിറ്റിയുടെ തനതുവരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ്. കൂടാതെ പൊതുജനങ്ങളുടെ സുരക്ഷിതമായ ജീവിതത്തിന് ഹിതകരമല്ലാത്ത സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും നഗരസഭയ്ക്ക് ഉണ്ട്.ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച് ഒരോവർഷവും പുതുതായി പ്രവർത്തനം ആരംഭിക്കുകയും നിർത്തലാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ കൃത്യമായ കണക്കു സൂക്ഷിക്കുന്നതിനും സ്ഥാപനങ്ങൾ നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കാഷ് ബാലൻസ് പരിശോധനയിൽ കണ്ട അപാകതകൾ

2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് 09-08-2017-
11.30 AM – ന് നഗരസഭ ചീഫ് അക്കൗണ്ടന്റ് ശ്രീ.സാബു, കാഷ്യർ ശ്രീ സുമേഷ്, എൽ.ഡി.ക്ലർക്ക്, ശ്രീമതി.അഞ്ജലി രാജ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ക്യാഷ് വെരിഫിക്കേഷനിൽ, നഗരസഭയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ക്യാഷിന്റെ നീക്കിബാക്കിയിൽ 70,24,099/- രൂപയുടെ കുറവുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

09-08-2017-11.30AM-ൽ ക്യാഷ് ബുക്ക് സംഗ്രഹം പ്രകാരമുള്ള-7416,205/-രൂപ

ക്യാഷ് ബാലൻസിന്റെ വേർതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്ന

1-08-08-2017-ലെ കൗണ്ടർ കളക്ഷൻ-1 55 758/- രൂപ

2-09-08-2017-11.30AM-ലുള്ള കൗണ്ടർ കളക്ഷൻ-63,431/- രൂപ

3-പെറ്റി ക്യാഷ് ബാലൻസ്-71,97,016/-രൂപ

പരിശോധനയിൽ ക്യാഷ് ചെസ്റ്റിലും ക്യാഷ് കൗണ്ടറിലുമുള്ള രൊക്കം പണമായി നീക്കിയിരിപ്പുള്ള ക്യാഷ് ബാലൻസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| A)09-08-2017-ൽ ക്യാഷ് ചെസ്റ്റിലുള്ള തുകയുടെ വിശദാംശങ്ങൾ | | |
|---|---|---|
| ഡിനോമിനേഷൻ | എണ്ണം | തുക |
| 2000 | 21 | 42,000/- |
| 500 | 184 | 92,000/- |
| 100 | 53 | 5,300/- |
| 50 | 71 | 3,550/- |
| 20 | 294 | 5,880/- |
| 10 | 702 | 7,020/- |
| 1 | 8 | 8 |
| ആകെ | | 1,55,758/- |
| B)09-08-2017-11.30 AM-വരെയുള്ള കൗണ്ടർ വരവ് | | |
| ഡിനോമിനേഷൻ | എണ്ണം | തുക |
| 2000 | 2 | 4,000/- |
| 500 | 116 | 58,000/- |
| 100 | 3 | 300/- |
| 50 | 19 | 950 |
| 20 | 4 | 80/- |

| | | |
|---|---|---|
| 10 | 10 | 100/- |
| 1 | 1 | 1/- |
| ആകെ | | 63,431/- |
| C)പെറ്റി കാഷ് ബാലൻസ് (കാഷ് ചെസ്റ്റ്) | | |
| ഡിനോമിനേഷൻ | എണ്ണം | തുക |
| 2000 | 27 | 54,000/- |
| 500 | 69 | 34,500/- |
| 100 | 709 | 70,900/- |
| 50 | 265 | 13,250/- |
| 20 | 3 | 60/- |
| 10 | 20 | 200/- |
| 1 | 7 | 7/- |
| ആകെ | | 1,72,917/- |
| A+B+C | | 3,92,106/- |

ക്യാഷ് ബുക്ക് പ്രകാരമുള്ള പണം നീക്കിയിരിപ്പായ74,16,205/-രൂപയുടെ പരിശോധനയിൽ കണ്ടത് 3,92,106/-രൂപയുടെ ക്യാഷ് ബാലൻസ് മാത്രമാണ്. ബാക്കി 70,24,099/-രൂപയുടെ കുറവ് പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിബാക്കി തുകയും യഥാർത്ഥത്തിലുള്ള തുകയും തമ്മിൽ പൊരുത്തപ്പെടാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തുന്ന പണം പിൻവലിക്കലുകളുടേയും പണം ഒടുക്കുകളുടേയും ക്യാഷ് കോൺട്രാ എൻട്രികളിൽ വന്ന ഇരട്ടിപ്പുകൾ തെറ്റായ ക്രഡിറ്റ്, ഡെബിറ്റ് എൻട്രികൾ 2016-17 സാമ്പത്തിക വർഷം ആരംഭം മുതൽ പരിഹരിക്കാതിരുന്നതു മൂലം യഥാർത്ഥ ക്യാഷ് ബാലൻസല്ല ക്യാഷ് ബുക്ക് സമ്മറിയിൽ ക്യാഷ് നീക്കിയിരിപ്പായി കാണിക്കുന്നത്.

2016-17 സാമ്പത്തിക വർഷം നടന്ന ഭൂരിപക്ഷം പണമിടപാടുകളുടേയും അക്കൗണ്ടിംഗ് എൻട്രികളിലെ അപാകതകൾ പരിഹരിച്ചാൽ മാത്രമേ മേൽ അപാകത പരിഹരിക്കാൻ കഴിയുകയുള്ളൂ. ആയതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് സെൻററുകൾ,റസ്റ്റ് ഹൗസ് ബിൽഡിംഗ് എന്നിവിടങ്ങളിലെ വാടക യഥാസമയം പിരിച്ചെടു ക്കാതെ ഭീമമായൊരു തുക കുടിശ്ശികയായി.

2016-17 സാമ്പത്തിക വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള റസ്റ്റ് ഹൗസ് ബിൽഡിംഗ്, ഷോപ്പിംഗ് സെൻററുകൾ എന്നിവിടങ്ങളിലെ വാടക 17,47,866/- രൂപ കുടിശ്ശികയായതായി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. 2016-17 വർഷം വരെ കുടിശ്ശിക തുക 11,15,272/-രൂപയും 2016-17 ൽ 6,32,594/- രൂപയുമാണ്, ഇപ്രകാരം ആകെ 17,47,866/ -രൂപ.

വാടകയിനത്തിൽ കുടിശ്ശികയായതും നാളിതുവരെ സ്വീകരിച്ച ആർ.ആർ നടപടികളുടെ വിശദാംശങ്ങളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക യാതൊരു മറുപടിയും ലഭിച്ചില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും മതിയായ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക തുക ഈടാക്കാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 2015-16 വർഷം കുടിശ്ശിക വരുത്തിയവരുടെ വിശദവിവരങ്ങൾ ചുവടെചേർക്കുന്നു

| ക്രമ നമ്പർ | പേരും മേൽവിലാസവും | കടമുറി നമ്പർ | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | ഷൗക്കത്ത് അലി,<br>മരുതമൺ വിളവീട്,<br>മാർക്കറ്റ് വാർഡ് | Stall No<br>D 38 | 2014-15<br>2015-16 | 6,960/-<br>6,624/- |
| 2 | സത്യൻ,അമ്പിളി,വാളക്കോട് | 7th<br>staired room no 13 | 9/12-3/13<br>4/13-3/14<br>4/14-5/15<br>4/15-5/16 | 5,250/-<br>9,456/-<br>9,936/-<br>10,440/- |
| 3 | കെ.ശശാങ്കൻ പ്രസിഡണ്ട്,<br>സിദ്ധനർ മഹാസഭ,<br>പത്തനാപുരം താലൂക്ക് യൂണിയൻ | 7th<br>staired<br>Room no 14 | 5/13-3/14<br>4/14-3/15<br>5/15-3/16 | 10,398/-<br>11,916/-<br>12,516/- |
| 4 | രാജേന്ദ്രപ്രസാദ്,ഉഷാരം,<br>പ്ലാച്ചേരി,പുനലൂർ | 7th<br>staired<br>Room no 15 | 5/10-3/15<br>4/15-3/16 | 48,892/-<br>10,440/- |
| 5 | അബ്ദുൾ നാസിർ,<br>പള്ളിവടക്കതിൽ,<br>നടുക്കുന്നം,പത്തനാപുരം | 7th<br>staired<br>Room no 18 | 8/14-3/15<br>4/15-3/16 | 7,944/-<br>12,516/- |
| 6 | കെ.സലിം,ചെക്കുവിള വീട്,<br>പുനലൂർ | 7th<br>staired<br>Room no 19 | 4/14-3/15<br>4/15-3/16 | 9,456/-<br>9,936/- |
| 7 | റഷീദ്.എം.പി,<br>തെങ്ങുവിളയിൽ വീട്,<br>വാലക്കോട് | 7th<br>staired<br>Room no 22 | 1/2009-3/2015<br>4/15-3/16 | 1,07,700/-<br>25,020/- |
| 8 | ഗ്രൂപ്പ് ലീഡർ, ടെക്നോശ്രീ,<br>പുനലൂർ | 7th<br>staired<br>Room no70 | 3/15<br>4/15-3/16 | 911/-<br>11,484/- |

| | | | | |
|---|---|---|---|---|
| 9 | സജ്ഞയൻ,കുമാർനിലയം, പകിടിക്കാവ്, ചെമ്മന്തൂർ | C-5B | 1/14-3/14<br>4/14-3/15<br>4/15-3/16 | 4,332/-<br>18,204/-<br>19,116/- |
| 10 | അബ്ദുൾ ഖാദർ,ഷീബാമൻസിൽ, ചാലക്കോട്, പുനലൂർ | D7 | 1/16-3/16 | 2,871/- |
| 11 | മുഹമദ് അജ്മൽ,അപ്സര, ചാലക്കോട് | ചെമ്മന്തൂർ E5 | 4/2007-3/2016 | 90,570/- |
| 12 | ഗോപാലകൃഷ്ണൻ,ആശ്രാമത്ത് വീട്, കുതിരച്ചിറ, പുനലൂർ | ചെമ്മന്തൂർE6 | 11/15-3/16 | 9,555/- |
| 13 | S.അജയകുമാർ,കുന്നത്ത് കൺസ്ട്രക്ഷൻസ്, കൊച്ചി | ചെമ്മന്തൂർ E10 | 7/13-3/15<br>4/15-3/16 | 28,377/-<br>17,388/- |
| 14 | സജു.പി.എബ്രഹാം, പുന്നവിളയ്ക്കൽ ഹൗസ്, കുതിരച്ചിറ | ചെമ്മന്തൂർ E 11 | 8/13-3/15<br>4/15-3/16 | 25,756/-<br>16,548/- |
| 15 | രഞ്ജിത്ത്, മുരളീസദനം, കുതിരച്ചിറ | ചെമ്മന്തൂർ E16 | 4/12-3/15<br>4/15-3/16 | 34,865/-<br>12648/- |
| 16 | രമണിക്കുട്ടി അമ്മ, ചിത്രാലയം, കുതിരച്ചിറ | ചെമ്മന്തൂർ E 19 | 1/16-3/16 | 2,871/- |
| 17 | മുഹമദ് റിയാസ്, റഫീക്ക്മൻസിൽ,പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ | 2/16-3/16 | 3,476/- |
| 18 | രസവുമ്മ,മാസ്റ്റർ ക്വാട്ടേഴ്സ്, പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ | 10/15-3/16 | 10,428/- |
| 20 | പ്രസാദ്.ബി,കൊച്ചയത്ത് വീട്,നേതാജിജംഗ്ഷൻ,ഉറുകുന്ന് | ചൗക്കഷോപ്പിംഗ് സെന്റർ Room no 24 | 1/15-3/15<br>4/15-3/16 | 6,495/-<br>27,288/- |
| 21 | അനിൽകുമാർ,സെക്രട്ടറി, കേരളപ്രസ്സ് ക്ലബ് | ചൗക്കഷോപ്പിംഗ് സെന്റർ Room no 25 | 11/13-3/14<br>4/14-3/15<br>4/15-3/16 | 3,750/-<br>9,456/-<br>9,936/- |
| 22 | സുകുമാരൻ.കെ, പ്രസിഡണ്ട്, പുലയർ മഹാസഭ, പത്തനാപുരം താലൂക്ക് യൂണിയൻ | ചൗക്കഷോപ്പിംഗ് സെന്റർ Room no 27 | 6/11-3/14<br>4/14-3/15<br>4/15-3/16 | 25,456/-<br>9,936/-<br>10 440/- |
| 23 | E.K.ഷേർലി,ഈട്ടിവിള വിട്,ശാസ്താംകോണം | ചൗക്കഷോപ്പിംഗ് സെന്റർ Room no 11 | 4/15-3/16 | 13 920/- |
| 24 | അബ്ദുൾ കലാം,സെയ്ദ് മൻസിൽ,പകിടികാവ്, പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ Room no 13 | 2/16-3/16 | 2,608/- |
| 25 | റിയാസ്, ചാരുവിളപുത്തൻവീട്, പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ Room no 14 | 3/15<br>4/15-3/16 | 1,242/-<br>15,648/- |
| 26 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മന്തൂർ | Old Pvt Bus Stand Room No154 | 2/15-3/15<br>4/15-3/16 | 12,432/-<br>78,325/- |
| 27 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മന്തൂർ | Old Pvt Bus Stand First floor 21 | 1/14-3/15<br>4/15-3/16 | 13,080/-<br>10,992/- |
| 28 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മന്തൂർ | Old Pvt Bus Stand First floor 22 | 1/14-3/15<br>4/15-3/16 | 13,080/-<br>10,992/- |

| | | | | |
|---|---|---|---|---|
| 29 | റോഷ്നി ചാക്കോ, വേങ്ങവിളഹൗസ്, നെല്ലിപ്പള്ളി, പുനലൂർ | Old Pvt Bus Stand First floor 28 | 1/16-3/16 | 7,323/- |
| 30 | ശ്രീകുമാരി, കൃഷ്ണാഹൗസ്, പുനലൂർ | Old Pvt Bus Stand First floor 33 | 8/15-3/16 | 21,160/- |
| 31 | പീരുമുഹമദ്, ചരുവിളപുത്തൻവീട്, കോമളംകുന്ന് | Old Pvt Bus Stand First floor 35 | 10/15-3/16 | 13,350/- |
| 32 | A.അനീഷ്, ഷാജഹാൻ മൻസിൽ, കലയനാട് | കലയനാട് മാർക്കറ്റ് A2 | 1/13-3/15<br>4/15-3/16 | 21,642/-<br>10,428/- |
| 33 | ശ്യാംകുമാർ,സുശീലഭവൻ,നെട്ടയം | കലയനാട് മാർക്കറ്റ് A9 | 4/15-3/16 | 6,960/- |
| 34 | ലേഖ.വി, എള്ളുവിള വീട്, ഐക്കരകോണം | കലയനാട് മാർക്കറ്റ് B2 | 1/13-3/15<br>4/15-3/16 | 14,349/-<br>6,960/- |
| 35 | R.ജയനാഥൻ, വാഴവിളതെക്കതിൽ, മണിയാർ | മണിയാർ മാർക്കറ്റ് Room no 1 | 11/2010-3/15<br>4/15-3/16 | 25,624/-<br>6,960/- |
| 36 | D.ദിനേശൻ,ഈട്ടിവിളവീട്, ഗ്രേസിംഗ് ബ്ലോക്ക് | Rest House Buiding RH 13,FF 2 | 11/15-3/16 | 4,350/- |
| 37 | വസന്തരാജൻ,ശിവശക്തി, ഐക്കരകോണം | Shopping complex in front of PMC,Room no7 | 12/15-3/16 | 6,952/- |
| 38 | മധു.എം, മരുതമൺവീട്, ഭരണിക്കാവ്, പുനലൂർ | Shopping complex in front of PMC<br>room no 5 | 9/13-3/15<br>4/15-3/16 | 39,200/-<br>26,460/- |
| 39 | ജീനജിജിജോസഫ്, വടക്കേക്കര ഹൗസ്, മരുതമൺകാല | Shopping complex in front of PMC<br>room no 8 | 1/16-3/16 | 4,554/- |
| 40 | മുഹമദ്ഷെഫീക്ക്, ആരാമം, മുസാവരിക്കുന്ന്, പുനലൂർ | GHSS Shoppingcomplex RoomNo | 3/16 | 1,738/- |
| 41 | പുരുഷോത്തമകുറുപ്പ്<br>കരിക്കത്തിൽവീട്, അഷ്ടമംഗലം, മണിയാർ | വെട്ടിപ്പുഴ Room No4 | 2/16-3/16 | 3,476/- |
| 42 | Y.സലിം, പുളിമൂട്ടിൽപുത്തൻവീട്, ഭരണിക്കാവ് | വെട്ടിപ്പുഴ Room No8 | 4/15-3/16 | 10,440/- |
| 43 | N.സാബുമോൻ,കുരുമ്പേലിൽ കിഴക്കതിൽ,ഭരണിക്കാവ് | വെട്ടിപ്പുഴ Room No 9 | 6/14-3/15<br>4/15-3/16 | 8,280/-<br>10,440/- |
| 44 | രാജപ്പൻ.കെ.വി & രാജേഷ്കുമാർ,പയ്യംകുന്ന്, പുനലൂർ | വെട്ടിപ്പുഴ Room No12 | 10/15-3/16 | 5,220/- |
| ആകെ | | | | 11,31,670/- |

2016-17 വർഷത്തെ കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
നെഹ്റു മെമ്മോറിയൽ ബിൽഡിംഗ്(റെസ്റ്റ് ഹൗസ്)

ഫസ്ററ് ഫ്ലോർ
റൂം നം.1-4110/-
റൂം നം.2.-10968/-
റൂം നം.3-41380/-
ഗ്രൗണ്ട് ഫ്ലോർ
റൂം നം.1-7293/-
റൂം നം.2-7293/-
റൂം നം.3-1707/-
റൂം നം.5-4862/-
റൂം നം.-7-2431/-
റൂം നം.10-1825/-
റൂം നം.104-12000/-
റൂം നം.106-7500/-

മേൽ വിവരിച്ച കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-7 സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല-വരവിനത്തിൽ നഷ്ടം

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ, സ്ഥാപനതൊഴിൽനികുതി ഒടുക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശി കയുള്ള തൊഴിൽനികുതി പിഴപലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | മിനി മുത്തൂറ്റ് ബാങ്ക് | I &II | 2500/- |
| 2 | ഓറിയന്റൽ ഇൻഷ്വറൻസ് ആന്റ് കമ്പനി | I &II | 2500/- |
| 3 | കെ.തോമസ്,സന്തോഷ് ഫിനാൻസിയേഴ്സ് | I &II | 2500/- |
| 4 | സിൻഡിക്കേറ്റ് ബാങ്ക്,പുനലൂർ ബ്രാഞ്ച് | I &II | 2500/- |
| 5 | സിൻഡിക്കേറ്റ് ബാങ്ക്,തൊളിക്കോട് ബ്രാഞ്ച് | I &II | 2500/- |
| 6 | വിജയകൃഷ്ണ ബാങ്ക് | I &II | 2500/- |
| 7 | UAE എക്സ്ചേഞ്ച് ആന്റ് ഫിനാൻഷ്യൽ സർവീസ് | I &II | 2500/- |
| 8 | മണപ്പുറം ഫിനാൻസ് | I &II | 2500/- |
| 9 | മുളമൂട്ടിൽ കൺസ്യൂമേഴ്സ് ക്രെഡിറ്റ് ലിമിറ്റഡ്രൂപ | I &II | 2500/- |
| 10 | ഫെഡറൽ ബാങ്ക് | I &II | 2500/- |
| 11 | ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് | I &II | 2500/- |
| 12 | കച്ചേരി ചിറ്റ്സ് ആന്റ് ഫിനാൻസ് | I &II | 2500/- |
| 13 | അപരാജിത ഡൈനാമിക് സ്റ്റെർജീസ് പ്രൈവറ്റ് ലിമിറ്റഡ് | I &II | 2500/- |
| 14 | റിലയൻസ് ലൈഫ് ഇൻഷ്വറൻസ് | I &II | 2500/- |
| 15 | ഭാരത് ഐ.ടി.സി | I &II | 2500/- |

| | | | |
|---|---|---|---|
| 16 | വെയ്സ്മാൻ ഫോറിൻ എക്സ്ചേഞ്ച് | I &II | 2500/- |
| 17 | എസ്സ്.ബി.ടി, പുനലൂർ മെയിൻ ബ്രാഞ്ച് | I &II | 2500/- |
| 18 | കൊല്ലം ജില്ലാസഹകരണ ബാങ്ക്,പുനലൂർ | I &II | 2500/- |
| 19 | ഇൻഡസ് സിൻഡ് ബാങ്ക് | I &II | 2500/- |
| 20 | പത്തനാപുരം കാർഷിക വികസനബാങ്ക് | I &II | 2500/- |
| 21 | പുനലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | I &II | 2500/- |
| 22 | എൽ.ഐ.സി ഓഫ് ഇൻഡ്യ, പുനലൂർ | I &II | 2500/- |
| 23 | മുത്തൂറ്റ് ഫിനാൻസ്,പുനലൂർ തൂക്കുപാലം ബ്രാഞ്ച് | I &II | 2500/- |
| 24 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | I &II | 2500/- |
| 25 | കെ.എസ്സ്.എഫ്.ഇ,പുനലൂർ II ബ്രാഞ്ച് | I &II | 2500/- |
| 26 | ബിവറേജസ് കോർപ്പറേഷൻ | II | 1250/- |
| 27 | കാത്തലിക് സിറിയൻ ബാങ്ക് | II | 1250/- |
| 28 | ബിർലാ സൺലൈഫ് ഇൻഷുറൻസ് | II | 1250/- |
| 29 | എച്ച്.ഡി.എഫ്.സി ബാങ്ക് | II | 1250/- |
| 30 | കാനറാ ബാങ്ക് | I | 1250/- |

## 2-8 അൺഎയ്ഡഡ് സ്കൂളുകളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നില്ല

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ സ്ഥാപനനികുതി ഈടാക്കുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടതുക |
|---|---|
| ടോക് എച്ച് റെസിഡെൻഷ്യൽ ഹൈസ്കൂൾ | 2500/- |
| സെന്റ് ഗോരേറ്റി ഹൈസ്കൂൾ | 2500/- |
| സെന്റ്തോമസ്സ് ഹയർസെക്കന്ററി സ്കൂൾ | 2500/- |
| ശബരിഗിരി ഹൈസ്കൂൾ | 2500/- |

ടി സ്കൂളുകളുടെ സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 തൊഴിൽനികുതി ഒടുക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

| സ്ഥാപനം | അർധവർഷം | ഈടാക്കേണ്ടതുക |
|---|---|---|
| കൊല്ലം ജില്ലാ സഹകരണബാങ്ക് | II | 1250/- |
| റബ്കോബാങ്ക് | II | 1250/- |
| ഇ.എ.എസ്സ്.എഫ് മൈക്രോ ഫിനാൻസ് | II | 1250/- |
| കേരള വാട്ടർഅതോറിറ്റി | II | 1250/- |

## 2-10 അഡ്വക്കേറ്റമാരും കോൺട്രാക്ടർമാരും തൊഴിൽ നികുതി ഒടുക്കുന്നില്ല

നഗരസഭാപരിധിയിൽ തൊഴിൽ ചെയ്യുന്ന അഡ്വക്കേറ്റുമാരും കോൺട്രാക്ടർ മാരും തൊഴിൽ നികുതി ഒടുക്കുന്നില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം അഡ്വക്കേറ്റുമാരുടെ തൊഴിൽനികുതി ഇനത്തിൽ 9,80,000/-രൂപയും കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി ഇനത്തിൽ 2,47,500/-രൂപയും കുടിശ്ശികയുണ്ട്. ആയവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആശ്രയ പദ്ധതി - ഭക്ഷണ കിറ്റ് വിതരണം മാത്രമായി ചുരുങ്ങുന്നു

2016-17 വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ എസ്.0021/17-ആശ്രയ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 85,380/-രൂപയും(ബിൽ നം.17/16-1 /,24.3.17) കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്നും 5,00,000/-രൂപയും (ചെക്ക്.നം.2121659/13.10.16) ചെലവഴിച്ചിട്ടുണ്ട്. 65 ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്യാൻ മാത്രമാണ് ഈ തുകകൾ ഉപയോഗിച്ചത് . ആശ്രയയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ഭവന നിർമ്മാണ പദ്ധതികളിലോ ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിയിലോ 2013 മുതൽ ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയില്ലായെന്ന് ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ഭവന - ഭൂരഹിതർ ഏറെയുണ്ടെങ്കിലും അവർക്കൊന്നും ഉപയോഗപ്രദമായ രീതിയിൽ പദ്ധതി നടപ്പാക്കാൻ വേണ്ട ശ്രമങ്ങൾ യാതൊന്നും അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ആശ്രയ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോയെന്ന് നിരന്തരം പരിശോധിക്കേണ്ടത് അധികൃതരുടെ ഉത്തരവാദിത്തമാണ്. കൂടാതെ പാലിയേറ്റീവ് പദ്ധതിയിൽ ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നും അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്.

### 3-2 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി-അവലോകനം

കേരള സർക്കാർ പൂർണ്ണമായും പദ്ധതിച്ചെലവ് വഹിക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. നഗരദാരിദ്രലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ നഗരപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരായ, അവിദഗ്ധ കായികാദ്ധ്വാനത്തിനു തയ്യാറായ, പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പ്രതിവർഷം നൂറ് തൊഴിൽദിനങ്ങൾ ഉറപ്പ് നൽകുന്നു. പുനലൂർ നഗരസഭയിൽ 2016-17 വർഷം മുന്നിരിപ്പായി 49,79,711/- രൂപയും പലിശയായി 128031/-രൂപയുമാണ് ഉണ്ടായിരുന്നത്. 2016-17 വർഷം സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും വരവിനത്തിൽ യാതൊരു തുകയും ലഭിച്ചില്ല. 110 പ്രോജക്ടുകളാണ് ഈ സാമ്പത്തിക വർഷം നഗരസഭാപ്രദേശത്ത് നടപ്പാക്കിയത്. ആകെ പദ്ധതി ചെലവ് 25,11,987/- രൂപ. 29210 തൊഴിൽ കാർഡുകൾ വിതരണം ചെയ്തതിൽ 10588 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 201-13 വർഷം മുതൽ സാമാന്യം നല്ല രീതിയിൽ നടപ്പാക്കുന്ന

പദ്ധതിക്കായി 2016-17 വർഷം പദ്ധതി നിർവ്വഹണത്തിനായി യാതൊരു തുകയും ലഭിക്കാത്തത് അധികൃതരെ ആവശ്യകത ബോധ്യ പ്പെടുത്തുന്നതിലുള്ള പരാജയമാണ്. നഗരപ്രദേശ ങ്ങളിൽ കൂടുതൽ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം പദ്ധതിയുടെ ഭാഗമാണെങ്കിലും നഗരസഭാപ്രദേശത്ത് നടപ്പാക്കുന്ന പദ്ധതികളിലേറെയും ഓടതെളിക്കലും മൺഓട നിർമ്മാണവും മാത്രമാണ്. ഓരോ കുടുംബത്തിനും നൂറ് തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാനും സാധിക്കുന്നില്ല. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ശരിയായ വിധം നടപ്പാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-3 <u>തനതു ഫണ്ടിൽ ബാക്കിയുള്ള കേന്ദ്രവിഹിതം ഉപയോഗിച്ച് അംഗനവാടികൾക്ക് സ്ഥലം ,കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ വേണ്ട പദ്ധതികൾ നഗരസഭ ആവിഷ്കരിക്കുന്നില്ല.</u>

പൂരക പോഷകാഹാര പദ്ധതിക്കായി ലഭ്യമായ കേന്ദ്രവിഹിതം ഇനത്തിൽ വർഷാവസാനം 14,87,339/-രൂപ ശേഷിക്കുന്നുണ്ട്.(2011-12 മുതൽ ചെലവഴി ക്കുവാൻ അവശേഷിക്കുന്ന തുകയാണിത്) സ.ഉ.നം.39033/ഡി.സി2/2010 ത.സ്വ.ഭ.വ 3.9.2010 പ്രകാരം കേന്ദ്രവിഹിതത്തിൽ ബാലൻസ് തുക വിനിയോഗിച്ച് അംഗനവാടികൾക്ക് സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെൻറ് പ്രകാരം ആകെയുള്ള 74 അങ്കണവാടികളിൽ 50 അങ്കണവാടികൾ വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്, മൂന്ന് അങ്കണവാടികൾക്ക് വൈദ്യുതികണക്ഷൻ ലഭിച്ചിട്ടില്ല, 10 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമില്ല. അവശേഷിക്കുന്ന തുക വിനിയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പരിപാടികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. ഈ വിഷയത്തിൽ നഗരസഭയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 <u>മരുന്നുകൾ ലഭ്യമാക്കുന്നില്ല</u>

2016-17 വർഷം മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ-എസ്.0065/17-, ഡയാലിസിസ് യൂണിറ്റിനു മരുന്നു വാങ്ങൽ-എസ് 0261/17 എന്നീ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും യഥാക്രമം 2,06,750/-രൂ (ബിൽ നം.11/16-17,15/3/17) ,2,00,000/- രൂ (ബിൽ നം.5/16-17,20/2/17) നിന്നും പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയെങ്കിലും (അക്കൗണ്ട് നം.3624001800000019) നാളിതുവരെ ഡയാലിസിസ് യൂണിറ്റിന് 50,000/- രൂപയുടെ മരുന്നുകൾ ഒഴികെ മറ്റു മരുന്നുകൾ ലഭിച്ചില്ല. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ സത്വരം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 <u>മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ</u>

1. എസ്.0060/17- ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -

ഇൻവോയ്സ് നം.2029,2296 എന്നിവ പ്രകാരം ചുവടെ പരാമർശിക്കുന്ന മരുന്നുകൾ രണ്ടു തവണ വന്നതിനെ, രണ്ടാം പ്രാവശ്യം വന്നതിനെ ഔഷധിക്കു മടക്കി നൽകിയിട്ടുണ്ട്.

എന്നാൽ ഔഷധിയിൽ നിന്നും മരുന്നുകൾ തിരികെ സ്വീകരിച്ചതിൻെറ കൈപ്പറ്റു രസീത് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇൻവോയ്സ് നം. മരുന്ന് അളവ്

2029/16-17 നിഷാകഥാകാടി.കെ.സി 27.5കെ.ജി(സ്റ്റോക്കിലെടുത്തില്ല)

2029/16-17 സപ്തസരം കെ.സി 22.50കെ.ജി

2029/16-17 പ്രമേഹൗഷധി 35 ബോട്ടിൽ

2029/16-17 നിർഗുണ്ഡ്യാദി കഷായം 20ബോട്ടിൽ

2029/16-17 മുസലിഖദിരാദികഷായം 25ബോട്ടിൽ

2029/16-17 ജാത്യാദി കോ ഓയിൽ 48 ബോട്ടിൽ

2029/16-17 അരിമേദാദി തൈലം 46 ബോട്ടിൽ

2029/16-17 പര്കാശാരിഷ്ടം 96 ബോട്ടിൽ

2029/16-17 അശ്വഗന്ധാരിഷ്ടം 12 ബോട്ടിൽ

2029/16-17 പിപ്പലാസവം 49 ബോട്ടിൽ

2296/16-17 അശോകാരിഷ്ടം 70 ബോട്ടിൽ 2296/16-17 നാല്പ്പമരാദി തൈലം 12 ബോട്ടിൽ

2296/16-17 സുകുമാര രസായനം 25 ബോട്ടിൽ

2296/16-17 ശതാവരിഗുളം 45 ബോട്ടിൽ

ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2. എസ്.0061/17 -പട്ടികവർഗ്ഗ കോളനിയിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്

നഗരസഭാ പ്രദേശത്തെ പട്ടികവർഗ്ഗ കോളനികളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. വികസന ഫണ്ടിൽ നിന്നും 56,000/- രൂപ മൊത്തം അടങ്കൽ വകയിരുത്തിയ പദ്ധതിയിൽ മെഡിക്കൽ ക്യാംപിനായി 47,000/-രൂപയും ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കായി 9,000/-രൂപയുമാണ് നീക്കി വച്ചിരുന്നത്. 16/8/2016 ൽ ഭരണാനുമതി ലഭിച്ച പദ്ധതിക്കായി 4/3/2017 ൽ ബിൽ നം.2/16-17 പ്രകാരം 50,000/-രൂപ പിൻവലിച്ച് 45,000/-രൂപ 25/3/2017ൽ ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും 5,000/- രൂപ ത്രിവേണി സൂപ്പർമാർക്കറ്റിൻെറ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ത്രിവേണിയുടെ 20/1/17 ലെ *946)* നമ്പർ ബിൽ പ്രകാരം ജയാറൈസ് *(*74കി.ഗ്രാം @36.50/- =2701/-രൂ*)*, ചെറുപയർ *(*28 കി.ഗ്രാം @82/-=2296*)* പാക്കിംഗ് കവർ- 1x3=3 എന്നിങ്ങനെയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി യിൽ വിഭാവനം ചെയ്യാത്ത ഇത്തരമൊരു വാങ്ങലിൻെറ സാംഗത്യം ഓഡിറ്റിനു ബോദ്ധ്യപ്പെട്ടിട്ടില്ല. കൂടാതെ മേൽപ്പരാമർശിച്ച അരിയും ചെറുപയറും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുമില്ല. പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവായതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,000/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

16.8.2016 ൽ ഭരണാനുമതി ലഭിച്ച പദ്ധതിക്ക് ബിൽ മാറിയത് 4/3/2017 ൽ മാത്രമാണ് ഔഷധിയിൽ നിന്നും 29.6.2017 ൽ 8993/-രൂപയുടെ മരുന്ന് മാത്രമേ (ഇൻവോയ്സ് നം.*90023373)* നാളിതുവരെയും ലഭിച്ചിട്ടുള്ളൂ. അതിനാൽ പദ്ധതി നടപ്പാക്കാനായിട്ടുമില്ല. ദരിദ്രവും പിന്നോക്കാവസ്ഥയിലുള്ളതുമായ പട്ടികവർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ മരുന്ന് വിതരണം ചെയ്യുകയെന്ന വളരെ മികച്ച ആശയം നടപ്പാക്കാനാകാതിരുന്നത് അധികാരികളുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 45,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വാർഡ് സഭാ കേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ (19 /17),(267 /17) വാങ്ങിയ 428 കസേരകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. കസേരയുടെ വിലയായ 2,11,860/- രൂപാ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക- പ്രോ നം (19 /17) -300000 (ധനകാര്യ കമ്മീഷൻ ഗ്രാൻഡ് )

പ്രോ നം (267 /17) -299600 ( വികസന ഫണ്ട് )

ബിൽ നമ്പർ-74 /16-17, 22-03-2017, 2,97,000/ രൂപ(ധനകാര്യ കമ്മീഷൻ ഗ്രാൻഡ് )

-71 /16-17,22-03-2017, 211860/രൂപ ( വികസന ഫണ്ട് )

തൻവർഷം വാർഡ് സഭാ കേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങലുമായി ബന്ധപ്പെട്ട്

2 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത് പ്രോ.നം19 / 17, പ്രോ. നം 267 /17

ടി പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് കസേര വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 4 ടെണ്ടറുകൾ ലഭിച്ചു. എല്ലാസ്ഥാപനങ്ങളും നീൽ കമൽ കമ്പനിയുടെ കസേരകളുടെ വിവിധ മോഡലുകളുടെ നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. ഇതിൽ നിന്നും ത്രീ സ്റ്റാർ ഏജൻസീസ് എന്ന സ്ഥാപനം മാത്രം നിരക്ക് രേഖപ്പെടുത്തിയ നീൽകമൽ 7015 മോഡൽ വാങ്ങുന്നതിന് തീരുമാനിച്ചു. ടെണ്ടർ പരിശോധിച്ചതിൽ ഇനങ്ങൾക്ക് ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ത്രീ സ്റ്റാർ ഏജൻസീസ് ആണ്. ആയതിനാൽ 7015 മോഡൽ കസേര എന്ത് വിലയ്ക്ക് നല്കുവാൻ കഴിയുമെന്ന് ടെണ്ടറിൽ പങ്കെടുത്ത ഇതര സ്ഥാപനങ്ങളുമായി ആരാഞ്ഞതിനു ശേഷം ഏറ്റവും കറഞ്ഞ നിരക്കിൽ കസേര നല്കാമെന്ന് സമ്മതിക്കുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതായിരുന്നു ഉചിതമായ നടപടി.

ത്രീ സ്റ്റാർ ഏജൻസീസ്, എന്ന സ്ഥാപനത്തിൽ നിന്നും താഴെക്കൊടുത്തിരിക്കും പ്രകാരം കസേരകൾ വാങ്ങി പ്രോജക്ട് നം 19/17, 600 കസേരകൾ 600x495=297000/ ( ബിൽ നം74/16-17തീയതി,23-03-2017)

പ്രോജക്ട് നം 267/17, 428 കസേരകൾ 428x495=211860/(ബിൽ നം 71/16-17തീയതി, 23-03-2017)

വാർഡ് സഭാ കേന്ദ്രങ്ങളിലേയ്ക്കായി ആകെ വാങ്ങിയ 1028 കസേരകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ പരവട്ടം, കോമളംകുന്ന്, അഷ്ടമംഗലം, ആരംപുന്ന, കോളേജ്, ശാസ്താംകോണം എന്നീ വാർഡ് കൗൺസിലർമാർ 100 വീതം കസേരകൾ കൈപ്പറ്റിയിട്ടുണ്ട്. വാർഡ് സഭാ കേന്ദ്രങ്ങളുടെ ആവശ്യകത കണക്കാക്കാതെ കസേരകൾ വാങ്ങുകയും വാങ്ങിയ കസേരകൾ വിതരണം ചെയ്യാതിരുന്നതു സംബന്ധിച്ചും, സ്ഥാപനത്തിന്റെ സാമ്പത്തിക ലാഭം ഉറപ്പുവരുത്താതെ കസേരകൾ വാങ്ങിയതു സംബന്ധിച്ചും വിശദീ കരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 20,14-08-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

നാളിതുവരെ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന 428 കസേരയുടെ വിലയായ 2,11,860/- രൂപാ തടസ്സപ്പെടുത്തുന്നു. കൂടാതെ സ്ഥാപനത്തിന്റെ സാമ്പത്തിക ലാഭം ഉറപ്പുവരുത്താതെ കസേരകൾ വാങ്ങിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## **3-7** <u>പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ **(388 /17),** സാധുവായ ടെണ്ടർ തെറ്റായ കാരണങ്ങൾ രേഖപ്പെടുത്തി ഒഴിവാക്കി**- 12600/-** രൂപായുടെ നഷ്ടം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക-1,60,000/-രൂപ ( വികസന ഫണ്ട് ടി എസ് പി)

ബിൽ- 98 /16-17-തീയതി 30-03-2017 പ്രകാരം 99,400/- രൂപ

ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ ഹാജരാക്കിയിട്ടുള്ളത് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ല എന്ന സ്ഥാപനമാണ്, എന്നാൽ ടി സ്ഥാപനം നിരക്ക് രേഖപ്പെടുത്തിയിട്ടില്ല, ഇ.എം.ഡി ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങൾ രേഖപ്പെടുത്തി ടെണ്ടറിൽ നിന്നും ഒഴിവാക്കി. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടിസ്ഥാപനം ഹാജരാക്കിയിട്ടുള്ള ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്, കൂടാതെ ടി സ്ഥാപനത്തെ ഇ.എം.ഡി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയ സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ ടി സ്ഥാപനത്തെ ഓഴിവാക്കിയാണ് ടെണ്ടർ പരിഗണനയ്ക്കായി സെക്രട്ടറി അജണ്ടാ സ്ലിപ്പ് തയ്യാറാക്കി നൽകിയിട്ടുള്ളത്. 09-03-2017 ലെ നഗരസഭാ കൗൺസിലിന്റെ 1 (10) തീരുമാന പ്രകാരം ശബരി സ്റ്റീൽ ഇൻഡസ്ട്രീസ്, പനവേലി എന്ന സ്ഥാപനത്തിന്റെ താഴെക്കൊടുത്തിരിക്കും പ്രകാരമുള്ള നിരക്ക് അംഗീകരിച്ചു.

| | |
|---|---|
| സ്റ്റീൽ റ്റേബിൾ | 1980 |
| സ്റ്റീൽ ചെയർ | 860 |
| ആകെ | 2840 |

കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ല എന്ന സ്ഥാപന ത്തിന്റെ നിരക്ക് താഴെക്കൊടുക്കുന്നു.

| | |
|---|---|
| സ്റ്റീൽ ടേബിൾ | 1790 |
| സ്റ്റീൽ ചെയർ | 690 |
| ആകെ | 2480 |

ബിൽ നമ്പർ 98/ 16-17 പ്രകാരം 99,400/- രൂപാ പിൻവലിച്ച് ശബരി സ്റ്റീൽ ഇൻഡസ്ട്രീസ്, പനവേലി എന്ന സ്ഥാപനത്തിൽ നിന്നും 35 സെററ് ഫർണീച്ചർ വാങ്ങി.
(35x2840=99,400/-)

കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ല എന്ന സ്ഥാപന ത്തിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ ചെലവഴിക്കേണ്ടിവരുമായിരുന്ന തുക –
35 x2480 =86,800/- രൂപ. അധികം ചെലവഴിക്കേണ്ടി വന്ന തുക -99400- 86400 = 12,600/- രൂപ.

സാധുവായ ടെണ്ടർ തെറ്റായ കാരണങ്ങൾ രേഖപ്പെടുത്തി ഒഴിവാക്കി സ്ഥാപനത്തിന സാമ്പത്തിക നഷ്ടം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 20, 14-08-2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം ചെലവഴി ച്ചിട്ടുള്ള 12,600/- രൂപ നിരാകരിക്കുന്നു. ടി തുക സാധുവായ ടെണ്ടർ തെറ്റായ കാരണങ്ങൾ രേഖപ്പെടുത്തി കൗൺസിലിന്റെ പരിഗണനയിൽ നിന്നും ഒഴിവാക്കിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-8 അക്രഡിറ്റഡ് ഏജൻസി (കേരളാ വാട്ടർ അതോറിറ്റി )നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ 802,501/- രൂപാ അധികം നല്കിയിരിക്കുന്നു

ഗവ. ഉത്തരവ് 311 /14 /ധനം തീയതി 30-07-2014 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ 3 കോടി മുതൽ 1 കോടി രൂപാ വരേയുള്ള പ്രവൃത്തികൾക്ക് 7% നിരക്കിലും 1 കോടി രൂപാ വരേയുള്ള പ്രവൃത്തികൾക്ക് 8% നിരക്കിലും സെന്റേജ് ചാർജ്ജ് കണക്കാക്കേണ്ടതാണ്. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ വഴി (കേരളാ വാട്ടർ അതോറിറ്റി )നിർവ്വഹണം നടത്തിയിട്ടുള്ള താഴെക്കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ സെന്റേജ് ചാർജ്ജ് അധികം നല്കിയിരിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ര. നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നല്കേണ്ട സെന്റേജ് ചാർജ്ജ് | നല്കിയ സെന്റേജ് ചാർജ്ജ് | അധികം നല്കിയ സെന്റേജ് ചാർജ്ജ് |
|---|---|---|---|---|---|
| 1 | വാളക്കോട് മേൽപാലത്തിന സമീപം | 95,162/- | 7,613/- | 11,895/- | 4,282/- |

| | | | | | |
|---|---|---|---|---|---|
| | വാൽവ് പ്രവർത്തി പ്പിക്കുന്നത്(363/17) | | | | |
| 2 | പ്രഷർ റെഡ്യൂസിംഗ് വാൽവ് (390/17) | 2,27,22/-5 | 18,178/- | 28,403/- | 10,225/- |
| 3 | തൊളിക്കോട് മണിയാർ പൈപ്പ് ലിങ്കിംഗ് 391/17) | 3,50,431/- | 28,034/- | 43,804/- | 15,770/- |
| 4 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (364/17) | 21,46,313/- | 1,71,705/- | 2,68,290/- | 96,585/- |
| 5 | തൊളിക്കോട് കെ .എസ്. ആർ. ടി.സി റോഡിൽ ഡി .ഐ പൈപ്പ് സ്ഥാപിക്കൽ (389/17) | 1,22,84,340/- | 8,59,904/- | 15,35,543/- | 6,75,639/- |
| ആകെ | | | | | 8,02,501/- |

**3-9** അക്രഡിറ്റഡ് ഏജൻസി **(**കേരളാ വാട്ടർ അതോറിറ്റി **)**നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കരാർ വച്ചിട്ടില്ല**,** സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മുഴുവൻ തുകയും മുൻകൂറായി നിക്ഷേപിച്ചു**, 1,84,18,000/-** രൂപാ തടസ്സപ്പെടുത്തുന്നു

ഗവ. ഉത്തരവ് 311 /14 /ധനം തീ 30-07-2014 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ മുൻകൂറായി നിക്ഷേപിക്കാവുന്നത് എസ്റ്റിമേറ്റ് തുകയുടെ 20% തുക മാത്രമാണ്. തുടർന്ന് നിർവ്വഹണം നടത്തുന്ന യഥാർത്ഥ തുകയെ അടിസ്ഥാനമാക്കി 15% വീതം 5 തവണയായി നല്കാം. ശേഷിക്കുന്ന പ്രവൃത്തി മൂല്യത്തിന്റെ .5% നിരീക്ഷണ കാലാവധിക്കു ശേഷം നല്കണം. എന്നാൽ താഴെക്കൊടുത്തിട്ടുള്ള നിക്ഷേപ പ്രവൃത്തികളിൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

അക്രഡിറ്റഡ് ഏജൻസി വഴി നിർവ്വഹണം നടത്തുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ മുൻകൂറായി നിക്ഷേപിച്ചിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ നഗരസഭ കേരളാ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല. പൂർത്തീകരണം സംബന്ധിച്ച് യാതൊരുവിധമായ ധാരണകളും കൂടാതെയാണ് വൻതുകകളുടെ പ്രവൃത്തികൾക്കായി മുഴുവൻ തുകയും മുൻകൂറായി നിക്ഷേപിച്ചിട്ടുള്ളത് .

വിശദവിവരം താഴെക്കൊടുക്കുന്നു

| ക്രനം | പ്രവൃത്തിയുടെ പേര് | തുക | ബിൽ നമ്പർ | സ്ഥാപനം |
|---|---|---|---|---|
| 1 | വാളക്കോട് മേൽപാലത്തിനു സമീപം വാൽവ് പ്രവർത്തി പ്പിക്കുന്നത് (363/17) | 195,000/- | 61/16-17, 02-03-17 | എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര |
| 2 | പ്രഷർ റെഡ്യൂസിംഗ് വാൽവ് (390/17) | 2,56,000/- | 57/16-17, 22-02-2017 | ടി |
| 3 | തൊളിക്കോട് മണിയാർ പൈപ്പ് ലിങ്കിംഗ് 391/17) | 431000/- | 58/16-17, 27-02-2017 | ടി |
| 4 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (364/17) | 2436000/- | 54/16-17, 27-02-2017 | ടി |
| 5 | തൊളിക്കോട് കെ .എസ് .ആർ .ടി സി റോഡിൽ ഡി.ഐ പൈപ്പ് സ്ഥാപിക്കൽ (389/17) | 15100000/- | 55,56/16-17,27-02-2017 | ടി |
| | ആകെ | 1,84,18,000/- | | |

ക്രമപ്രകാരം കരാർ വയ്ക്കാതെയും, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായും മുഴുവൻ തുകയും മുൻകൂറായി കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 1,84,18,000/- രൂപാ തടസ്സപ്പെടുത്തുന്നു.

## 3-10 <u>ഇ എം എസ് ഭവനവായ്പാ തിരിച്ചടവ് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, **25,00,000/-** രൂപാ തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം ഇ.എം.എസ് ഭവനവായ്പാ പദ്ധതി തിരിച്ചടവ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (13/17) ബിൽ നമ്പർ 41/20-01-2017 പ്രകാരം വികസന ഫണ്ടിൽ നിന്നും 2500000/- രൂപാ പിൻവലിച്ച്

പുനലൂർ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 10-08-2017 ൽ ഓഡിറ്റ് അന്വേഷണം (നമ്പർ-12) നല്കിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ലോൺ രജിസ്റ്റർ, തിരിച്ചടവുമായി ബന്ധപ്പെട്ട മുൻ ഫയലുകൾ എന്നിവ നഗരസഭയിൽ കാണാനില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുകയുടെ കൈപ്പറ്റായി ഒരു രസീത് നല്കിയിട്ടുള്ളതല്ലാതെ ബാങ്ക് സ്റ്റേറ്റ്മെന്റ് നല്കിയിട്ടില്ല. ഇതുവരെയുള്ള ലോൺ തിരിച്ചടവ് ആധികാരികമായി പരിശോധിക്കുവാനാവശ്യമായ രേഖകൾ ഒന്നും തന്നെ നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ ഇ.എം.എസ് ഭവനവായ്പാ തിരിച്ചടവ് ഇനത്തിൽ പിൻവലിച്ചിട്ടുള്ള 25,00,000/- രൂപാ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപ്പെടുത്തിയ ഇ.എം.എസ് ഭവനവായ്പാ ലോൺ രജിസ്റ്റർ, നാളിതു വരേയുള്ള ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 സ്വച്ഛഭാരത മിഷൻപ്രകാരം ശൗചാലയ നിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

അസി എക്സി എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രോജക്ടാണ് സ്വച്ഛഭാരത മിഷൻപ്രകാരം ശൗചാലയ നിർമ്മാണം

(1/17)2016-17 സാമ്പത്തിക വർഷം ടി പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച വിശദവിവരം താഴെക്കൊടുക്കുന്നു.

| ഘട്ടം | ഫണ്ട് ഇനം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| ഒന്നാം ഗഡു | ശുചിത്വ മിഷൻ | 650 | 5000 | 3250000/- |
| രണ്ടാം ഗഡു | വികസന ഫണ്ട് | 579 | 8000 | 4632000/- |
| മൂന്നാം ഗഡു | വികസന ഫണ്ട് | 15 | 2067 | 31005/- |
| | ശുചിത്വ മിഷൻ | 15 | 333 | 4995/- |
| | | | ആകെ | 7918000/- |

ഒന്നാം ഗഡു കൈപ്പറ്റിയ 650 ഗുണഭോക്താക്കളിൽ 15 പേർ മാത്രമേ ശൗചാലയ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളൂ. ടി പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച് 10-08-2017ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളെക്കൊണ്ടും നിർമ്മാണം പൂർത്തീകരിപ്പിച്ച് പദ്ധതി പൂർത്തിയാക്കേണ്ടതാണ്.

## 3-12 പൊതുമരാമത്ത് പ്രവൃത്തികളിൽ താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല-**105,615/-** രൂപായുടെ നഷ്ടം

കേരള പൊതുമരാമത്ത് മാന്വൽ, (2012ൽ പരിഷ്ക്കരിച്ചത്) 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് നല്കേണ്ടതും ,സെലക്ഷൻ ലഭിച്ച കരാറുകാരൻ ടെൻഡർ അംഗീകരിച്ച തീയതി മുതൽ പരമാവധി 14 ദിവസത്തിനുള്ളിൽ സ്ഥാപനവുമായി കരാറിൽ എർപ്പെടേണ്ടതുമാണ്. കരാർ തുകയുടെ 1%പിഴ ഈടാക്കി ക്കൊണ്ട് (കുറഞ്ഞത് 1000/- രൂപ, പരമാവധി 25,000/- രൂപാ) അടുത്ത 10 ദിവസത്തേയ്ക്ക് കൂടി കരാറിലേർപ്പെടാവുന്നതാണ്. അംഗീകരിച്ച കരാറുകാരൻ 14

ദിവസത്തിനകമോ, തുടർന്ന് പിഴയോട്ടുകൂടിയ 10 ദിവസത്തിനുള്ളിലോ കരാർ വയ്ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ടെണ്ടർ ക്യാൻസൽ ചെയ്യേണ്ടതും, നിരതദ്രവ്യം മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എങ്കിലും നിർവ്വഹണം നടത്തിയതിനാൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതായിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ക്രമപ്രകാരം കരാറിലേർപ്പെടാതിരുന്ന താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല.

| ക്ര.നം | പ്രവൃത്തിയുടെ വിവരം | അംഗീകരിച്ച തീയതി | കരാറിലേർപ്പെട്ട തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | പേപ്പർമിൽ വാർഡിൽ അംഗനവാടിയുടെ അറ്റകുറ്റപ്പണി | 24-11-16 | 03-01-17 | 1,21,000/- | 1,210/- |
| 2 | കോമളംകുന്ന് ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽ | 24-11-16 | 30-12-16 | 2,38,350/- | 2,384/- |
| 3 | പ്ലാച്ചേരി വാർഡിൽ വട്ടപ്പട റോഡിൽ ഐറിഷ് ഓട | 29-01-17 | 03-03-17 | 6,27,899/- | 6,279/- |
| 4 | ഗുരുമന്ദിരം കൊച്ചുപ്ളാച്ചേരി റോഡ് കോൺക്രീറ്റ് | 30-12-16 | 31-01-17 | 2,88,808/- | 2,888/- |
| 5 | കുത്തനടി റോഡിൽ കോളനിക്കു സമീപം റോഡ് കോൺക്രീറ്റ് | 30-12-16 | 02-02-17 | 3,21,907/- | 3,219/- |
| 6 | കക്കോട് പബ്ലിക് ലൈബ്രറിയുടെ അറ്റകുറ്റപ്പണി | 30-12-16 | 07-02-17 | 2,25,338/- | 2,253/- |
| 7 | വട്ടപ്പടകടവ് പുനരുദ്ധാരണം | 30-12-16 | 03-03-17 | 1,63,103/- | 1,631/- |
| 8 | പശുമല തൊണ്ടിയോട് റോഡ് | 30-01-17 | 02-03-17 | 5,41,051/- | 5,411/- |
| 9 | പവ്വർ ഹൗസ് മുളന്തടം റോഡ് ഐറിഷ് ഓട | 30-12-16 | 02-03-17 | 5,12,648/- | 5,126/- |
| 10 | കുത്തനടി റോഡ് | 30-12-16 | 02-02-17 | 2,27,327/- | 2,273/- |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | |
| 11 | പാണങ്ങാട് ഗാന്ധിനഗർ സെക്കന്റ് റോഡ് മെയിന്റനൻസ് | 30-12-16 | 08-02-17 | 2,00,000/- | 2,000/- |
| 12 | തൊളിക്കോട് മുളന്തടം റോഡിൽ ഐറിഷ് ഓട നിർമ്മാണം | 30-12-16 | 25-01-17 | 5,85,883/- | 5,589/- |
| 13 | ഗവ. എൽ പി ജി എസ് അറ്റകുറ്റപ്പണി | 24-11-16 | 08-02-17 | 3,00,000/- | 3,000/- |
| 14 | കൊല്ലനഴികത്ത് കാവ് റോഡ് കോൺക്രീറ്റ് | 24-11-16 | 03-01-2017 | 1,60,000/- | 1,600/- |
| 15 | പാലോട് വിളക്കുവട്ടം റോഡിൽ സംരക്ഷണ ഭിത്തിയും ഓടയും | 29-10-16 | 19-01-2017 | 3,59,000/- | 3,590/- |
| 16 | ചാലക്കോട് മുസാവരി റയിൽവേ സ്റ്റേഷൻ റോഡ് ഐറിഷ് ഓട | 10-02-17 | 13-03-17 | 8,75,560/- | 8,756/- |
| 17 | മണിയാർ എസ് .സി കോളനി ഓട നിർമ്മാണം | 24-11-16 | 30-12-16 | 2,65,000/- | 2,650/- |
| 18 | കുതിരച്ചിറ കൊച്ചുവട്ടമൺ റോഡ് സംരക്ഷണ ഭിത്തി | 24-11-16 | 17-01-17 | 1,45,000/- | 1,450/- |
| 19 | തൊളിക്കോട് എൽ പി എസ് അറ്റകുറ്റപ്പണി | 24-11-16 | 30-12-2016 | 3,98,400/- | 3,984/- |
| 20 | മരണക്കോട് നിറോഡ് പുനരുദ്ധാരണം | 24-11-16 | 03-01-17 | 3,74,250/- | 3,743/- |
| 21 | ശാസ്താംകോണം വാർഡിൽ ഐറിഷ് ഓട നിർമ്മാണം | 24-11-16 | 10-01-17 | 3,55,459/- | 3,559/- |
| 22 | ശാസ്ത്രിത്തോപ്പ്കാവുവിള സംരക്ഷണ ഭിത്തി നിർമ്മാണം | 24-11-16 | 31-12-2016 | 3,74,859/- | 3,749/- |
| 23 | പൊരീക്കൽ ചുണ്ടോട് | 30-12-16 | 02-03-17 | 5,52,690/- | 5,527/- |

| | | | | | |
|---|---|---|---|---|---|
| | റോഡ് ഐറിഷ് ഓട | | | | |
| 24 | പണിക്കോട് കുന്നിൻപുറം റോഡ് കോൺക്രീറ്റ് | 24-11-16 | 22-02-17 | 1,65,750/- | 1,658/- |
| 25 | അക്കരവിള റോഡ് ഐറിഷ് ഓട നിർമ്മാണം | 30-12-16 | 21-02-17 | 7,92,794/- | 7,928/- |
| 26 | തൊളിക്കോട് അങ്കണവാടിയുടെ അറ്റകുറ്റപ്പണി | 24-11-16 | 02-02-17 | 1,35,000/- | 1,350/- |
| 27 | ചാവരുകാവ് നടവഴി അറ്റകുറ്റപ്പണി | 10-02-17 | 15-03-17 | 1,96,864/- | 1,969/- |
| 28 | ജലധാര ഈട്ടിവിള ലിങ്ക് റോഡ് കോൺക്രീറ്റ് | 24-11-16 | 03-01-17 | 1,26,936/- | 1,269/- |
| 29 | ചാലക്കോട് പേപ്പർമിൽ റോഡിൽ ഐറിഷ് ഓട | 12-02-17 | 03-03-17 | 9,57,000/- | 9,570/- |
| | | | | ആകെ | 1,05,615/- |

കരാറിലേർപ്പെടാനുള്ള സമയപരിധി കഴിഞ്ഞിട്ടും കരാറിലേർപ്പെട്ടതു സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം) മറുപടി ലഭ്യമാക്കിയിട്ടില്ല. മിക്ക പ്രവൃത്തികളും ക്രമപ്രകാരം കരാറിലേർപ്പെടേണ്ട കാലാവധിക്ക് ശേഷം മാത്രം കരാറിലേർപ്പെട്ടിരിക്കുന്നു. ഇത് ടെണ്ടർ നിബന്ധനകളുടേയും, മരാമത്ത് മാന്വലിന്റേയും ലംഘനമാണെങ്കിലും, പ്രവൃത്തികളുടെ നിർവ്വഹണം നടന്നിട്ടുള്ളതിനാൽ ഈടാക്കേണ്ടപിഴ 1,05,615/- രൂപാ കരാറുകാര നിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 <u>സംയോജിത പാർപ്പിട നിർമ്മാണ-ചേരി വികസന പരിപാടി **(IHSDP)** കാലാവധി കഴിഞ്ഞ **6,949,038/-** രൂപ തിരികെ അടവാക്കിയിട്ടില്ല</u>

2007-08 മുതൽ മുനിസിപ്പാലിറ്റിയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത പാർപ്പിട നിർമ്മാണ-ചേരി വികസന പരിപാടി (IHSDP) യുടെ 2016-17 സാമ്പത്തിക വർഷത്തെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

എ) <u>തിരിച്ചടവ് കാലാവധി കഴിഞ്ഞ 69,49,038/- രൂപ തിരികെ അടവാക്കിയിട്ടില്ല</u>

892.96 ലക്ഷം രൂപ പദ്ധതി അടങ്കൽ വകയിരുത്തി 2007-08 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്ന സംയോജിത പാർപ്പിട നിർമ്മാണ-ചേരി വികസന പരിപാടി

(IHSDP) 31/03/2017 അവസാനിക്കുന്ന സാഹചര്യ ത്തിൽ പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 07/04/2017 നകം തിരിച്ചടയ്ക്കുവാൻ നോഡൽ ഏജൻസിയായ കുടുംബശ്രീ 27/03/2017 ലെ 6066/ജി/2011 കെ.എസ്.എച്ച്.ഒ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയിട്ടില്ല. പദ്ധതിയിലെ നീക്കയിരുപ്പ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | ഇനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | പലിശ | ആകെ |
|---|---|---|---|---|---|---|
| എ | കേന്ദ്ര വിഹിതം | 62508250/- | 58034052/- | 4474198/- | 1557240/- | 6031438/- |
| ബി | സംസ്ഥാന വിഹിതം | 7073000/- | 6256456/- | 816544/- | 176206/- | 992750/- |
| സി | നഗരസഭ വിഹിതം | 3478400/- | 2930956/- | 547444/- | 86655/- | 634099/- |
| ഡി | ഗുണഭോക്തൃ വിഹിതം | 5070800/- | 5145950/- | (-)75150/- | 126326/- | 51176/- |
| ആകെ | | | | | | 7709463/- |

1) കുടുംബശ്രീക്ക് തിരിച്ചടയ്ക്കേണ്ടുന്ന തുക =എ+ബി = 7024188/-

കുടുംബശ്രീയിൽ നിന്നും തിരികെ ലഭിക്കേണ്ടുന്ന

ഗുണഭോക്തൃ വിഹിതം =75,150/-

തിരിച്ചടയ്ക്കേണ്ടുന്ന തുക = 69,49,038/-

2) IHSDP അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ടുന്ന

നീക്കിയിരുപ്പ് തുക = 77,09,463/-

IHSDP അക്കൗണ്ടിൽ 31/05/2017 ൽ ഉള്ള

നീക്കിയിരുപ്പ് തുക = 69 16 213/-

കുറവ് - 7 93 250/-

നാളിതുവരെ പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 6949038 /- രൂപ തിരികെ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ) മറുപടി ലഭ്യമാക്കിയില്ല 69,49,038/- രൂപ തിരികെ അടവാക്കേണ്ടതും 7,93,250/- രൂപയുടെ കുറവ് പരിഹരിക്കേണ്ടതുമാണ്.

ബി ) 10000/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

IHSDP യുടെ കാനറ ബാങ്ക് അക്കൗണ്ടിൽ (109910153787) നിന്നും 10 000/- രൂപ, ശ്രീമതി

വനജ .എം എന്ന ഗുണഭോക്താവിന് 27/03/2017 ൽ നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ഒരു ചെലവ് ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

സി ) മുൻകൂർ തുക കൈപ്പറ്റി 8 വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

IHSDP പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റിയ ഗുണ ഭോക്താക്കളിൽ 22 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയതിൽ താഴെ ചേർക്കുന്ന 5 ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയുമായി കരാർ ചമച്ച് ഒന്നാം ഗഡു തുക കൈപ്പറ്റി 8 വർഷം കഴിഞ്ഞിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | ഷീജ, ഷീജാഭവനം | 10000/- | 15-02-2007 |
| 2 | കെ. വാസപ്പൻ | 10000/- | 16-05-2008 |
| 3 | ശ്രീജ, നിരപ്പുവിള വീട് | 10000/- | 07-04-2008 |
| 4 | എ. കുട്ടി, ചരുവിളപുത്തൻ വീട് | 10000/- | -03-2008 |
| 5 | തുളസി, തുഷാര ഭവൻ | 10000/- | 07-04-2008 |

നിലവിൽ IHSDP പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്ന 17 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും മുൻകൂർ തുക കൈപ്പറ്റി 8 വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത 5 ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ) മറുപടി ലഭ്യമാക്കിയില്ല.

## 3-14 പി എം എ വൈ **-1,06,02,438/-** രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

പി എം എ വൈ (പ്രോജക്ട് നമ്പർ 368/16-17) പദ്ധതിക്കായി 1,00,00,000/- രൂപ 08/03/2017 ലെ ബിൽ നമ്പർ 62 പ്രകാരം വികസന ഫണ്ടിൽ (ജനറൽ)നിന്നും 602438/- രൂപ 08/03/2017 ലെ ബിൽ നമ്പർ 63 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഉൾപ്പടെ ആകെ 10602438/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ 57850201000732 അക്കൗണ്ടിൽ08/03/2017 ൽ നിക്ഷേപിച്ചിട്ടുണ്ട്. PMAY പദ്ധതിയുടെ നഗരസഭാവിഹിതം മുൻകൂർ ആയി പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചതിനാലും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത

സാഹചര്യത്തിലും പ്രസ്തുത തുക ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തേണ്ടതും തത്തുല്യമായ ബാദ്ധ്യത ദാരിദ്രലഘൂകരണനിധിക്ക് ബാദ്ധ്യതയായി ഉൾപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ അപ്രകാരം ഒരു ബാങ്ക് അക്കൗണ്ടോ മേൽ ഇടപാടോ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻമൂലം 1,06,02,438/- രൂപ നീക്കി യിരുപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ടു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/14-08-2017) മറുപടി ലഭ്യമാക്കിയില്ല .

## 3-15 അധിക നിരക്കിൽ വേതനം അനുവദിച്ചിരിക്കുന്നത് ക്രമീകരിക്കണം

G.O(P)No-28/2016/Fin-26-02-2016,G.O(P)No-136/2016/Fin–07-09-2016 എന്നിവ പ്രകാരം 01-04-2016 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഫുൾ ടൈം സാനിട്ടഷൻ വർക്കർമാരുടെ വേതനം പ്രതിദിനം 600/-രൂപ നിരക്കിൽ പരമാവധി 16,200/-രൂപ വരെ നൽകാവുന്നതാണ്. എന്നാൽ നഗരസഭയിലെ സാനിട്ടേഷൻ വർക്കർമാർക്ക് മേൽപരിധിയിൽ നിന്നും അധികരിച്ച് തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | വർക്കറുടെ പേര് | നൽകിയ ശമ്പളം | അനുവദനീയം | അധികം |
|---|---|---|---|---|
| 57/9-16 | സാജൻ | 17400/- | 16200/- | 1200/-/ |
| | ജയൻ | 16800/- | 16200/- | 600/- |
| | സിന്ധുലാൽ | 17400/- | 16200/- | 1200/- |
| | അബയ് | 17400/- | 16200/- | 1200/- |
| | ബിന്ധുലാൽ | 16800/- | 16200/- | 600/- |
| 35/10-16 | രാജൻ | 16800/- | 16200/- | 600/- |
| /11-16 | സാജൻ | 16800/- | 16200/- | 600/- |
| | രാജൻ | 16800/- | 16200/- | 600/- |
| 30/1-17 | സാജൻ | 16800/- | 16200/- | 600/- |
| 33/2-17 | സാജൻ | 16800/- | 16200/- | 600/- |
| ആകെ | | | | 7800/- |

സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പരിധിയിൽ നിന്നും അധികരിച്ച് വേതനം അനുവദിച്ചതിനുള്ള വിശദീകരണം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-15/10-08-17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശത്തിൽ നിന്നും അധികരിച്ച് നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**3-16** <u>സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിഹിതം ലഭിക്കുന്നില്ല, നഗരസഭ പെൻഷൻ വിഹിതം ഒടുക്കുന്നുമില്ല.</u>

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബനഫിറ്റ്) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുമാണ് നഗരസഭകളിലേയും മുനിസിപ്പാലിറ്റികളിലേയും റഗുലർ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കെ.എസ്.ആർ. പാർട്ട് III ലെ വ്യവസ്ഥകൾ പ്രകാരം നൽകുന്നത്. നഗരസഭാ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ചട്ടം 6(1) പ്രകാരം ദേശസാൽകൃത ബാങ്കിലോ ട്രഷറിയിലോ ആരംഭിച്ചിട്ടുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ ചട്ടം 8 പ്രകാരം 7-ാം ചട്ടത്തിൽ പറഞ്ഞ നിരക്കിലുള്ള പെൻഷൻ വിഹിതം അതാത് മാസം നഗരസഭകളും മുനിസിപ്പാലിറ്റികളും പെൻഷൻ വിഹിതം അടയ്ക്കുകയും ജീവനക്കാർ വിരമിക്കുമ്പോൾ പെൻഷൻ ആനുകൂല്യങ്ങൾ ചട്ടം 9 പ്രകാരം ഈ ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു.ചട്ടം 8(4) പ്രകാരം ചട്ടം (1)ഉം (2)ഉം ഉപചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയക്കാത്ത പക്ഷം വിഴ്ച വരുത്തിയ കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് തത്സമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകാൻ നഗരസഭയ്ക്ക് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുകയോ നഗരസഭയ്ക്ക് നഗരകാര്യയറക്ടറിൽ നിന്നും പെൻഷൻവിഹിതം ലഭിക്കുകയോ ചെയ്യുന്നില്ല. റഗുലർ, കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആവശ്യത്തിനായുള്ള തുക തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്.

നഗരസഭയിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ ഒടുക്കു വരുത്തിയിരിക്കുന്നത് 2007-08 കാലയളവ് വരെ മാത്രമാണ്. 2008-09 മുതൽ നാളിതുവരെ റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രീബ്യൂഷൻ തുകകൾ നഗരസഭ ഒടുക്കുവരുത്തിയിട്ടില്ല.

**3-17** <u>അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല-നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.</u>

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99 പ്രകാരം താത്കാലിക അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയത്തിനുള്ളിൽ അഡ്ജസ്റ്റ്മെന്റ് സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും അടിയന്തിരമായി തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും 4/10/11ലെ GO(P)419/2011/FIN പ്രകാരം ഉത്തരവായിട്ടുണ്ട്. ചുവടെ പറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നം | തുക | ആവശ്യം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 64/6-16 | 10000 | മാർക്കറ്റ് കംഫർട്ട് | രാജീവ് |

| | | | |
|---|---|---|---|
| | | സ്റ്റേഷനിലെ സെപ്റ്റിക്ക് ടാങ്ക് ക്ലീനിംഗ് | ജെ.എച്ച്.ഐ (II) |
| 97/11-16 | 25000 | വിവിധ പദ്ധതികളുടെ ഉദ്ഘാടന ചെലവിന് നൽകിയ തുക | ബിനിൽകുമാർ PWO1 |
| 42/1-17 | 40000 | രണ്ടാം ഘട്ട ജനകീയാസൂത്രണം ഉദ്ഘാടനം | എൻ.ജയരാജ് സീനിയർ ക്ലർക്ക് |
| 34/2-17 | 70000 | വികസന സെമിനാർ സംഘടിപ്പിക്കുന്നതിന് | എൻ.ജയരാജ് സീനിയർ ക്ലർക്ക് |
| 40/2-17 | 10000 | KL-25A8135 വാഹനത്തിന്റെ മെയിന്റനൻസ് | ജയപ്രകാശ് |
| 94/2-17 | 5000 | KL-25B446 വാഹനത്തിന്റെ മെയിന്റനൻസ് | ജയപ്രകാശ് |
| 114/3-17 | 8090 | 2017-ലെ ഇൻഡിപെൻഡൻസ് അഘോഷച്ചെലവ് | രാജീവ്.ആർ ജെ.എച്ച്.ഐ-II |

മുൻകൂർ വാങ്ങിയ തുകയുടെ ചെലവ് രേഖകൾ സമയബന്ധിതമായി ഹാജരാക്കി തുകകൾ ക്രമീകരിച്ചിട്ടില്ലാത്ത ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവിനനുസൃതമായിട്ടുള്ള പലിശസഹിതം മുൻകൂർ വാങ്ങിയ തുകകൾ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-18** <u>വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻ തുക നഷ്ടപ്പെട്ടു.</u>

**1)ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ അനുവദിച്ച 12-ാം ഗഡു നഗരസഭയ്ക്ക് നഷ്ടപ്പെട്ടു.**

2016-17 സാമ്പത്തിക വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ട് ഗ്രാന്റായി 16629000/-രൂപയാണ് ബജറ്റ് വിഹിതം അനുവദിച്ചിരുന്നത്.ആയതിന്റെ പന്ത്രണ്ടാമത്തെ ഗഡു തുക 13 8597/-രൂപ സർക്കാർ ഉത്തരവ് നം(ആർ.ടി)2376/17/ ഫിൻ-23-03-2017 പ്രകാരം അനുവദിച്ചിരുന്നുവെങ്കിലും സമയബന്ധിതമായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതിരുന്നതിനാൽ നഗരസഭയ്ക്ക് മേൽ തുക നഷ്ടമായിരിക്കുന്നു.ലോൺ ഇനങ്ങളിൽ വൻ തുക ബാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

2)സർക്കാർ ഉത്തരവ് (പി) 177/2016/ഫിൻ തീയതി 12-04-2006 പ്രകാരം ഒരോ വർഷത്തേയും സംസ്ഥാന ബജറ്റിൽ അംഗീകരിച്ച തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ

നിന്നും പിൻവലിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്ന വിധത്തിൽ 10 തവണകളായി വർഷം തോറും നൽകി വന്നിരുന്നു. എന്നാൽ 21-03-2015ലെ ജി.ഒ (പി)119/2015/ഫിൻ അനുസരിച്ച് 2015-16വർഷം മുതൽ ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് അലോട്ട്മെന്റു കളായി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുകകൾ സഞ്ചിത നിധിയിൽ നിന്നും നേരിട്ട് ചെലവ് വൗച്ചറുകൾ മുഖേന പിൻവലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു മൂലം വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നഷ്ട മാകുന്നു.എന്നാൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സപ്ലിമെന്ററി ഡിമാന്റ് വഴി ട്രഷറി ഡയറക്ടർ നൽകുന്ന തുക പരിഗണിച്ച് ജൂലൈ മാസത്തിൽ നൽകുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതു വരെ ഈ തുക സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

നഗരസഭയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ നഷ്ടമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ തുക | ചെലവഴിച്ച തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം) | നഷ്ടം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 53703368/- | 333606227/- | 279902859/- |
| എസ്.സി.പി | 13180179/- | 2125171/- | 11055008/- |
| ടി.എസ്.പി | 1656198/- | 422338/- | 1233860/- |
| ലോകബാങ്ക് ധനസഹായം | 18386462/- | 2201261/- | 16185201/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 69846229/- | 41028730/- | 27834399/- |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 33998000/- | 16129439/- | 17868561/- |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 13074399/- | 10452547/- | 2621852/- |

/*

## 3-19 വിനിയോഗ വിശദാംശമില്ല-ചെലവ് തുക 7,76,087/-രൂപ തടസ്സപ്പെടുത്തുന്നു

തനത് ഫണ്ടിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ ചെലവുകൾക്കായി തുക പിൻവലിച്ചിട്ടുണ്ട്.എന്നാൽ ചെലവ് തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ടി ചെലവ് 776087/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നം | തുക | ആവശ്യം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 37/6-16 | 21777/- | പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് | കെ.എസ്.ഇ.ബി |
| 47/6-16 | 28150/- | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ചാർജ്ജ് | കേരള വാട്ടർ അതോറിട്ടി കൊട്ടാരക്കര |
| 52/6-17 | 525000/- | 35 വാർഡുകളിലെ കൗൺസിലമാർക്ക് പ്രീമൺസൂൺ ശുചീകരണത്തിനായി നൽകിയ തുക | അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക നൽകിയിരിക്കുന്നത് വാർഡ് കൗൺ സിലർമാർക്കാണ്. എന്നാൽ തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 90/8-16 | 30454/- | കക്കോട് അങ്കണവാടിയിൽ കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് | കേരള വാട്ടർ അതോറിട്ടി പുനലൂർ |
| 63/10-16 | 37605/- | ജപ്പാൻ കുടിവെള്ള വിതരണത്തിനായുള്ള പദ്ധതി പ്രകാരം തനത്ഫണ്ടിൽ നിന്നും ഒടുക്കുന്ന തുക | കേരള വാട്ടർ അതോറിട്ടി കൊട്ടാരക്കര |
| 56/1-17 | 7266/- | പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ്-നേതാജി റോഡ് | കെ.എസ്.ഇ.ബി |
| 95/2-17 | 95050/- | പൈപ്പ് ലൈൻ മാറ്റുന്നതിന് | കേരള വാട്ടർ അതോറിട്ടി കൊട്ടാരക്കര |
| 96/2-17 | 24426/- | പ്രോപ്പർട്ട് ടാക്സ് ഫോം ലഭിച്ചതിന്റേയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങളില്ല. | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് |
| 113/3-17 | 6359/- | പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് | കെ.എസ്.ഇ.ബി |
| ആകെ | 776087/- | | |

**3-20** <u>പ്രീ മെട്രിക് ഹോസ്റ്റലിലേയ്ക്ക് പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങി നല്കൽ **(5/17)** വാറ്റ് ഇനത്തിൽ അധികം നല്കിയിരിക്കുന്ന **1,843/-** രൂപാ തിരികെ ഈടാക്കണം</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിനായി ക്ഷണിച്ച ടെണ്ടറിലെ

നിബന്ധന പ്രകാരം ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ വാറ്റ് ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്, നാരങ്ങാനം എന്ന സ്ഥാപനം ഇപ്രകാരമുള്ള നിരക്ക് രേഖപ്പെടുത്തുകയും, തുടർന്ന് വിതരണ ഉത്തരവ് നല്കുകയും ചെയ്തു. എന്നാൽ 27-03-2017 ലെ 075 നമ്പറായുള്ള ബില്ലിൽ ടി തുകയോടൊപ്പം വീണ്ടും വാറ്റ് ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതുമൂലം 1843/- രൂപാ അധികം നല്കിയിരിക്കുന്നു (ബിൽ തുക 36841, വാറ്റ് 5% -1843 ആകെ 38,684/- രൂപാ) ടിതുക 30-03-2017 ലെ ബിൽ നമ്പർ

101/ 16-17 പ്രകാരം പിൻവലിച്ച് ടി സ്ഥാപനത്തിനു നൽകിയിരിക്കുന്നു. അധികമായി വാറ്റിനത്തിൽ 1843/- രൂപാ നല്കിയിരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 13,22,367 രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര നം | പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ വിവരം |
|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (2 16-17) | 464310/- | 43 /16-17, 24-12-16 |
| 2 | പ്ലാച്ചേരി വട്ടപ്പട എസ് സി കോളനികളിലെ കുടിവെള്ള കണക്ഷൻ നല്കൽ (254 17) | 136787/- | 80/ 16-17, 30-03-2017 |
| 3 | നഗരസഭാ ഓഫീസ് നവീകരണം (269 17) | 721270/- | 93/ 16-17, 30-03-2017 |
| | ആകെ | 13,22,367/- | |

ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 13,22,367 രൂപാ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി

നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>നിർവ്വഹണ ഏജൻസി</th><th>പ്രവൃത്തിയുടെ പേര്</th><th>വൗച്ചർ നമ്പർ/ ചെക്ക് നം.</th><th>മുൻകൂർ നൽകിയ തുക</th><th>ചെലവഴിച്ച തുക</th><th>ചെലവഴിക്കാൻ ബാക്കിയുള്ള തുക</th></tr>
<tr><td>കേരള വാട്ടർ അതോറിട്ടി</td><td>പ്ലാച്ചേരി വട്ടപ്പട എസ്.സി. കോളനിയിലെ വീട്ടുകൾക്ക് കുടിവെള്ള വിതരണം</td><td>21601429/-</td><td>136787/-</td><td rowspan="6" colspan="2">വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത തിനാൽ ചെലവഴിച്ച തുകയുടേയും നീക്കിബാക്കി തുകയുടേയും വിശദാംശങ്ങൾ ഇല്ല.</td></tr>
<tr><td>കേരള വാട്ടർ അതോറിട്ടി</td><td>വാളക്കോട് റെയിൽവേ ഓവർബ്രിഡ്ജിന് സമീപം കുടിവെള്ള വിതരണത്തിന് വാൽവ് സ്ഥാപിക്കൽ</td><td>21601113/-</td><td>146623/-</td></tr>
<tr><td>കേരള വാട്ടർ അതോറിറ്റി</td><td>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ</td><td>21601111/-</td><td>2436000/-</td></tr>
<tr><td>കേരള വാട്ടർ അതോറിറ്റി</td><td>തൊളിക്കോട് കെ.എസ്.ആർ.ടി.സി റോഡിൽ ഡി 1 പൈപ്പ് സ്ഥാപിക്കൽ</td><td>/-<br>21601108/-<br>21601107/-</td><td>13460413/-<br>1639587/-</td></tr>
<tr><td>കേരള വാട്ടർ അതോറിറ്റി</td><td>പ്രഷർ റെഡ്യൂസിംഗ് വാൽവ് സ്ഥാപിക്കൽ</td><td>21601112/-</td><td>256000/-</td></tr>
<tr><td>കേരള വാട്ടർ അതോറിറ്റി</td><td>തൊളിക്കോട് മണിയാർ പൈപ്പ് ലിങ്കിംഗ്</td><td>21601110/-</td><td>431000/-</td></tr>
</table>

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | - | 2353053 | തിരിച്ചടച്ചില്ല | | 2743127 |

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-5 പ്രകാരം 13,79,146/-രൂപയാണ് KURDFC ലോൺ അടവാക്കാൻ ബാക്കി നിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 627500/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 627500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 627500/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വാർഷികധനകാര്യ പത്രികയിൽ മുൻബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുക,നിക്ഷേപത്തിന്റെ മറ്റ് വിവരം ലഭ്യമല്ല. | 77000/- |
| കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും ഷെയർ വാങ്ങിയത് | 50500/- |

| | |
|---|---|
| ക്ലീൻ കേരള മിഷനിൽ നിന്നും ഷെയർ വാങ്ങിയത് | 500000/- |
| ആകെ | 627500/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-1 | 2014-15 | 6.3 | ഖരമാലിന്യ സംസ്കരണ യൂണിറ്റ്- പ്രവർത്തനരഹിതം- 31,46/-ലക്ഷം രൂപ യുടെ ചെലവ് നിഷ്ക്രിയം | നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,12,75,581/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,72,98,985/- |
| വരവിനങ്ങളിലുള്ള നഷ്ടം | 15,835/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17,600/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,19,50,947/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-5 | | 5000 | ഡോ.എം.ആർ.മിനി<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം |
| 3-7 | | 12600 | എ.എസ്സ്.നൈസ്സാം<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 45000/- | ഡോ.എം.ആർ.മിനി<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം |
| 3-6 | 211860/- | എ.എസ്സ്.നൈസ്സാം<br>സെക്രട്ടറി |
| 3-9 | 18418000/- | എ.എസ്സ്.നൈസ്സാം<br>സെക്രട്ടറി |
| 3-10 | 2500000/- | എ.എസ്സ്.നൈസ്സാം<br>സെക്രട്ടറി |
| 3-19 | 776087/- | എ.എസ്സ്.നൈസ്സാം<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| എ.നൈസാം<br>സെക്രട്ടറി | സെക്രട്ടറി<br>പുനലൂർ നഗരസഭ | എസി.എഫ് മൻസിൽ<br>എലികുന്നാംമുകൾ<br>പുലിയൂർക്കോണം<br>നിലമേൽ |
| ഡോ.എം.ആർ.മിനി<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം | മെഡിക്കൽ ഓഫീസർ<br>ആയുർവേദ ഹോസ്പിറ്റൽ | തൊള്ളാർക്കുഴി<br>നീലേശ്വരം.പി.ഒ<br>കൊട്ടാരക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1988-89 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1989-90 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1990-91 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1996-97 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1997-98 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1998-99 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 1999-00 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2000-01 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2001-02 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |

| | |
|---|---|
| 2002-03 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2003-04 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2004-05 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2005-06 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2006-07 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2008-09 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2009-10 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2010-11 | എൽ.എഫ്.ക്യൂ.എം.എൽ/1909/14തീയതി 30-06-14 |
| 2011-12 | എൽ.എഫ്.ക്യൂ.എം.എൽ/933/14തീയതി 07-10-14 |
| 2012-13 | എൽ.എഫ്.ക്യൂ.എം.എൽ/1254/15തീയതി 31-10-15 |
| 2013-14 | എൽ.എഫ്.ക്യൂ.എം.എൽ/1556/2015/14തീയതി 18-11-15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-1106/16/03-08-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-314/17/17-03-17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# 4-10

## സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം -ഡി.ബി – 1618/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –11 /09/17

## സാക്ഷ്യപത്രം 2016-17

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും അനുസരിച്ച് പുനലൂർ നഗരസഭയുടെ 2016-17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം പുനലൂർ നഗരസഭയുടെ കൃത്യമായ വരവ് ചെലവ് പത്രികയല്ല ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതെന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്, കൊല്ലം